# വിവർത്തകക്കുറിപ്പ്

ശൈഖ് അബ്ദുല്ലാഹ് ഇബ്നു അബ്ദിർ റഹ്മാൻ അൽ ജിബ്രീൻ നിർവ്വഹിച്ച 'അൽ ഇസ്‌ലാം ബയ്നൽ ഇഫ്‌റാത്തി വത്തഫ്‌രീത്വ്' എന്ന വിഷയത്തിലുള്ള ഒരു പ്രഭാഷണത്തെ ശൈഖ് മുഹമ്മദ് ഇബ്നുൽ മനീഅ് റിക്കോർഡ് ചെയ്ത് ഗ്രന്ഥരൂപത്തിലാക്കിയതിന്റെ മലയാള വിവർത്തനമാണ് 'ഇസ്‌ലാമിന്റെ മിതത്വം' എന്ന നാമകരണത്തിൽ താങ്കളുടെ കരങ്ങളിൽ. മിതത്വം മുഖമുദ്രയായ ഇസ്‌ലാമിൽ കാഠിന്യം കാണിക്കുന്നതും ഉപേക്ഷവരുത്തുന്നതും തെറ്റാണെന്ന് ശൈഖ് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നു.

ഈ കർമ്മത്തിന് തൗഫീക്വ് പ്രദാനം ചെയ്ത മേലായ റബ്ബിന് മാത്രമാണ് സ്തുതികൾ മുഴുവനും. അക്ഷരങ്ങൾ പേജുകളിലേക്ക് പകർത്തിയത് സഹോദരൻ മുഹമ്മദ് റയ്യാനാണ്. ഇതിന്റെ പരിശോധന നടത്തി അനിവാര്യമായ തിരുത്തലുകൾ നൽകുകയും പലകാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തത് ബഹുമാന്യർ മുഹമ്മദ് സ്വാദിക്വ് അൽ മദനിയും ഉബൈദുല്ലാ സ്വലാഹിയുമാണ്. ഈ കൃത്യം ഭംഗിയാകുവാൻ പല സഹായങ്ങളും നൽകിയത് ബഹു: മുഹമ്മദ് അലി ചൂരി, മുഹമ്മദ് അലി പുലാശേരി(കുഞ്ഞു) എന്നിവരാണ്.

അല്ലാഹുവേ, ഞങ്ങൾ എല്ലാവരിൽനിന്നും നീ ഇത് ഒരു സൽകർമ്മമായി സ്വീകരിക്കേണമേ....

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ശൈഖ് മുഹമ്മദ് ഇബ്നു മനീഇന്റെ ആമുഖക്കുറിപ്പ്

'വാഹിദും' 'അഹദും' 'ഫർദും' 'സ്വമദു'മായ അല്ലാഹുﷻ വിനു മാത്രമാകുന്നു സ്തുതികൾ മുഴുവനും. തിരുദൂതൻ മുഹമ്മദ് ﷺ യെ സമ്പൂർണ്ണ ദീനുമായി നിയോഗിച്ചത് അവ നാകുന്നു. പ്രവാചകനിലും കുടുംബത്തിലും സ്വഹാബത്തി ലും അല്ലാഹുവിന്റെ സലാമും സ്വലാത്തും സദാ വർഷിക്കുമാ റാകട്ടെ...

അല്ലാഹുﷻ, ഈ സത്യദീനിനെ മദ്ധ്യമ മതമാക്കിയിരി ക്കുന്നു. അതിനാൽ ദീനിൽ ജീർണ്ണവുംതീവ്രവുമായ യാതൊ രുവിധ സമീപനങ്ങളും പാടുള്ളതേയല്ല. ആരാധനാകാര്യങ്ങളി ലായാലും ഇടപാടുകളിലായാലും ജനങ്ങളുടെതീവ്രനിലപാടു കൾക്കും ശുഷ്ക സമീപനങ്ങൾക്കും മദ്ധ്യത്തിലായാണ് ദീനു ൽ ഇസ്‌ലാം വർത്തിക്കുന്നത്.

അല്ലാഹു ﷻ പറയുന്നു:

وَكَذَلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا

﴾അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരി ക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി.....﴿

*വി. ക്യു.* (2:143)

ഈ 'മിതത്വം' തന്നെയാണ് അല്ലാഹുവിന്റെ റസൂൽ ﷺ നമ്മെ പ്രോത്സാഹിപ്പിച്ചു പഠിപ്പിച്ചത്:

«إِنَّ لِرَبِّكَ عَلَيْكَ حَقًّا وَلِنَفسكَ عَلَيْكَ حَقًّا وَلِأَهْلِكَ عَلَيْكَ حَقًّا»

«തീർച്ചയായും നിന്റെ 'റബ്ബി'ന് നിന്നിൽനിന്ന് അവകാശമുണ്ട്, നിന്റെ ശരീരത്തിന് നിന്നിൽനിന്ന് അവകാശമുണ്ട്. നിന്റെ ഭാര്യക്കും നിന്നിൽനിന്ന് അവകാശമുണ്ട്. » (ബുഖാരി)

ഈ വചനത്തിന്റെ വെളിച്ചത്തിലായിരുന്നു പ്രവാചകൻ ﷺ യുടെ പ്രവർത്തനങ്ങൾ. ഈ വിഷയം തന്റെ അനുചരന്മാരെ ഉണർത്തികൊണ്ട് അദ്ദേഹം പറഞ്ഞു:

«لَكِنِّي أَصُومُ وَأُفْطِرُ وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي»

«എന്നാൽ ഞാൻ നോമ്പെടുക്കുന്നു, നോമ്പ് മുറിക്കുന്നു. രാത്രി നമസ്കരിക്കുന്നു ഉറങ്ങുകയും ചെയ്യുന്നു. സ്ത്രീകളെ കല്യാണം കഴിക്കുന്നു. ആയതിനാൽ ആർ എന്റെ സുന്നത്തിൽനിന്ന് അപ്രിയനാകുന്നുവോ അവൻ എന്നിൽ പെട്ടവനല്ല.» (ബുഖാരി)

ബാധ്യതകൾ നിറവേറ്റുന്നതിൽ അമാന്തിച്ചോ, കാർക്കശ്യം പുലർത്തിയോ, വസ്‌വാസ് കാണിച്ചോ, സുന്നത്തിൽനിന്ന് വ്യതിചലിക്കാതിരിക്കുവാനും സുന്നത്തിനെ പിൻപറ്റുവാനും ഉപരിസൂചിത വചനങ്ങളിൽ വ്യക്തവും സ്പഷ്ടവുമായ വിളംബരമാണുള്ളത്. ആരാധനാകാര്യങ്ങളിൽ വസ്‌വാസ് എന്ന രോഗം

കൊണ്ട് പരീക്ഷിക്കപ്പെട്ട പലരേയും നാം കാണാറുണ്ടല്ലോ അത്തരം വസ്‌വാസുകാർ സുന്നത്തിൽനിന്ന് വ്യതിചലിച്ചവരാണ്.

യഥാർത്ഥത്തിൽ 'ഇബ്റാഹീമി' മില്ലത്തായ 'ഹനീഫിയ്യത്ത്' (ഋജുപാത) മതങ്ങൾക്കിടയിൽ മദ്ധ്യമ നിലപാടുമായാണ് കടന്നുവന്നത്. ആയതിനാൽ വിശ്വാസകാര്യങ്ങളിൽ യാതൊരുവിധ തീവ്രതയും ഇല്ലതന്നെ; ജീർണ്ണതയും. അതിനാൽ തന്നെ വഴിതെറ്റിയ ക്രൈസ്തവർ പറഞ്ഞതുപോലെ 'അല്ലാഹു സന്തതിയെ സ്വീകരിച്ചിരിക്കുന്നു' എന്ന് പറയുന്നവരല്ല നാം. കാലസിദ്ധാന്തക്കാർ (ദഹ്‌രിയ്യാക്കൾ) പറയുന്നതുപോലെ പ്രപഞ്ചത്തിൽ നടക്കുന്ന ഏതൊരു കാര്യവും മുൻകൂട്ടിയുള്ള ഒരു നിശ്ചയവുമില്ലാതെ എല്ലാം ആകസ്മികമായി സംഭവിക്കുകയാണ് എന്നും പറയുന്നവരല്ല. പ്രത്യുത സൃഷ്ടാവും രൂപം നൽകുന്നവനും നിർമ്മാതാവുമായ അല്ലാഹുവിന്റെ അസ്തിത്വത്തിൽ നാം വിശ്വസിക്കുന്നു. നാം അവനെ മാത്രം ആരാധിക്കുന്നു. അവനെ മാത്രം ഇലാഹാക്കുന്നു. അവന്റെ കാരുണ്യം കാംക്ഷിക്കുന്നു. അവന്റെ ശിക്ഷയെ ഭയക്കുന്നു. പിതാവ്, പുത്രൻ, ഇണ എന്നീ സങ്കല്പങ്ങളിൽ നിന്നെല്ലാം നാം അവനെ പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നു.

ശൈഖ് അബ്ദുല്ലാഹ് അൽജിബ്‌രീൻ ഈ കൃതിയിൽ വിശ്വാസ കാര്യങ്ങളിലും ആരാധനാകാര്യങ്ങളിലും കാണപ്പെടുന്ന ധാരാളം തീവ്രനിലപാടുകളേയും ജിർണ്ണനിലപാടുകളേയും എടുത്തു കാണിക്കുകയും അവയിൽ യഥാർത്ഥ മദ്ധ്യമനിലപാട് ഉണർത്തുകയും ചെയ്തിരിക്കുന്നു. മാന്യവായനക്കാരായ എന്റെ സുഹൃത്തുകൾക്ക് അവകൾ ഒരു കൊച്ചുകൃതിയായി സമർപ്പിക്കുവാൻ ഞാൻ താൽപര്യപെടുന്നു. ഈ സേവന

ത്തിലൂടെ എനിക്ക് ഫലം ലഭിക്കുവാൻ അല്ലാഹു ﷻ വിനോട് ഞാൻ തേടുന്നു. സന്തതികളും സമ്പത്തും ഉപകാരപ്പെടാത്ത അന്ത്യനാളിൽ ഇത് എന്റെ നന്മയുടെ തുലാസ്സിൽ കനം തൂങ്ങുവാനും എന്റെ ഗുരുവര്യന് തക്കപ്രതിഫലം ലഭിക്കുവാനും എന്നെയും അദ്ദേഹത്തേയും എന്റെ മാതാപിതാക്കളേയും അല്ലാഹുﷻ വിന്റെ മാർഗ്ഗത്തിൽ നാം സ്നേഹിക്കുന്ന, നമ്മെ സ്നേഹിക്കുന്ന എല്ലാവരേയും ഫിർദൗസിൽ അഅ്ലായിൽ ഒരുമിച്ചുകൂട്ടുവാനും ഞാൻ അല്ലാഹു ﷻ യോട് പ്രാർത്ഥിക്കുന്നു...

*ശൈഖ് മുഹമ്മദ് ഇബ്നുൽ മനീഅ്*

# ശൈഖ് അബ്ദുല്ലാഹ് അൽ ജിബ്രീന്റെ ആമുഖക്കുറിപ്പ്

വിശ്വാസ കാര്യങ്ങളിലും ആരാധനാകാര്യങ്ങളിലും നിയ്യത്തുകളിലും ഉപേക്ഷകളിലും ഇടപാടുകളിലും ആളുകളിൽ അതിരുവിട്ടോ അല്ലങ്കിൽ വീഴ്ചവരുത്തിയോ കണ്ടുവരുന്ന സമീപനങ്ങളെ വിമർശിച്ചുകൊണ്ട് ഞാൻ പ്രഭാഷണങ്ങൾ നടത്തിയിരുന്നു. കാരണം ഈ വിഷയത്തിൽ ജനങ്ങൾ മൂന്നു തരക്കാരാണ്. മൂന്നിൽ ഒരു വിഭാഗം മാത്രമാണ് മദ്ധ്യമ നിലപാടുകാർ.

**ഒന്നാം വിഭാഗം:** അവർ നിർബന്ധ കാര്യങ്ങളിൽ വീഴ്ച വരുത്തുകയും അശ്രദ്ധകാണിക്കുകയും അമാന്തിക്കുകയും ചെയ്തവരാണ്. ഉത്തരവാദിത്വത്തിൽനിന്ന് തങ്ങളെ മോചിതരാക്കുകയും സൽബുദ്ധിയുള്ളവർ തങ്ങളെ പ്രശംസിക്കുകയും ചെയ്യുന്നതായ നിർബന്ധകാര്യങ്ങൾപോലും അവർ നിർവ്വഹിക്കുന്നില്ല. ഇത്തരക്കാർ തങ്ങൾ കാണിക്കുന്ന വീഴ്ചകളിൽ ആക്ഷേപാർഹരാണ്; അവരുടെ ഇബാദത്തുകൾ അവരെ രക്ഷപ്പെടുത്തുവാൻ മതിയായികൊള്ളണമെന്നുമില്ല.

**രണ്ടാം വിഭാഗം:** തീവ്രത കാണിക്കുന്നവരും അതിരുവിട്ട് പ്രവൃത്തിക്കുന്നവരും തങ്ങൾ കല്പിക്കപ്പെടാത്തത് സ്വദേഹങ്ങളെ നിർബന്ധിപ്പിക്കുന്നവരുമാണ്. തന്റെമേൽ നിർബന്ധമായ വിഹിതത്തെ കേടാക്കുകയും നിർബന്ധ ബാധ്യത നിർവ്വഹിക്കുന്നതിലൂടെ ലക്ഷ്യമാക്കപ്പെടുന്നത് നഷ്ടപ്പെടുത്തുകയും ചെയ്യുന്നവരുമാകുന്നു ഇവർ. മതനിയമമോ പ്രമാണമോ വന്നിട്ടില്ലാത്ത ഒരു പ്രവൃത്തിയിലൂടെ സ്വദേഹങ്ങളെ പ്രയാസ

പ്പെടുത്തുകയും ക്ലേശങ്ങൾ പേറുകയും ദുരിതപ്പെടുകയും ശാരീരിക പീഢകൾ വലിച്ചുകൊണ്ടുവരികയും ചെയ്തതിനാൽ അത്തരക്കാർ ആക്ഷേപാർഹരാണെന്നത് സംശയ രഹിതമായ കാര്യമാണ്. ഇബാദത്തുകളിൽനിന്ന് അകറ്റിക്കളയുമാറ് അവയെ ക്ലേശപൂർണമായ ഒരു ശിക്ഷാമുറക്ക് സമമാക്കുകയാണ് ഇവർ ചെയ്തത്.

<u>**മൂന്നാം വിഭാഗം:**</u> മദ്ധ്യനിലപാടുകാരാണ് മൂന്നാമത്തേത്. ഈ മദ്ധ്യനിലപാടിലാണ് അല്ലാഹുവിന്റെ മതം. അത് എളുപ്പവും സരളവുമാണ്. മിതത്വനിലപാടുകൾ സ്വീകരിക്കുന്ന കാലത്തോളം കർമ്മങ്ങളുടെ റുക്നുകളും വാജിബുകളും നഷ്ടപ്പെടുകയില്ല. അതിനാൽതന്നെ ഇബാദത്തുകൾ ബാത്വിലാകുകയുമില്ല. സുന്നത്തുകൾ ഉപേക്ഷിക്കുകയോ, മക്റൂഹുകൾ പ്രവർത്തിക്കുകയോ ഇല്ല. ആയതിനാൽ പ്രതിഫലം ഒട്ടും കുറയുകയുമില്ല. മദ്ധ്യമനിലപാട് സ്വീകരിക്കുന്നപക്ഷം ശരീഅത്ത് കൊണ്ട് പ്രയാസമോ മടുപ്പോ അലസതയോ അനുഭവപ്പെടുകയുമില്ല.

ഈ പ്രഭാഷണം ചിലയാളുകൾ റിക്കോർഡ് ചെയ്യുകയും അത് ഒരു ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ എന്നോട് സമ്മതം തേടുകയുമുണ്ടായി. ഞാൻ തടസ്സം പറഞ്ഞില്ല. ഇതിന്റെ ശൈലിയിൽ വല്ല കുറവുകളോ, ആശയം ദ്യോതിപ്പിക്കുന്നതിൽ വല്ല വീഴ്ചകളോ ഉണ്ടെങ്കിൽ ക്ഷമാപണം നടത്തുന്നു. എല്ലാ മനുഷ്യരും ന്യൂനതയുള്ളവരാണ് എന്നതിന്റെ തെളിവാകുന്നു അത്. എത്ര തെളിവുകളും ആശയങ്ങളും തത്വങ്ങളും മനഃപാഠമുണ്ടായാലും പ്രഭാഷണ വേളയിൽ അവ അവതരിപ്പിക്കുവാൻ ചിലപ്പോൾ സാധിച്ചെന്ന് വരില്ല. അല്ലാഹു ﷻ എല്ലാം മാപ്പാക്കുന്നവനും പൊറുക്കുന്നവനുമാണല്ലോ.

# ഇസ്‌ലാം

യഥാർത്ഥ ഇസ്‌ലാം എന്നാൽ, അല്ലാഹു ﷻ യെ 'ഇലാഹും'(ആരാധ്യൻ) 'റബ്ബും'(രക്ഷിതാവ്) 'ഖാലിക്വു'(സൃഷ്ടാവ്) മായി അംഗീകരിക്കുകയും ഇബാദത്തുകൾകൊണ്ട് അല്ലാഹു ﷻ ക്ക് കീഴ്പ്പെടലുമാണ്. ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് പറയുന്നു: ഇസ്‌ലാം എന്നാൽ അല്ലാഹു ﷻ വിന് ത്വൗഹീദ് കൊണ്ട് കീഴ്പ്പെടലും അവനെ അനുസരിച്ചുകൊണ്ട് കീഴൊതുങ്ങലും ശിർക്കിൽനിന്നും ശിർക്കിന്റെ വക്താക്കളിൽനിന്നും ഒഴിയലുമാണ്.

ഇവിടെ ശൈഖ് വ്യക്തമാക്കുന്നത്: യഥാർത്ഥ മുസ്‌ലിം വിനയാന്വിതനും കീഴൊതുക്കമുള്ളവനുമാണ്. അവൻ ഒരു കാര്യം ഇസ്‌ലാമികമാണ് എന്ന് അറിഞ്ഞമാത്രയിൽ അത് പ്രാവർത്തികമാക്കുകയും അത് പിൻപറ്റുകയും ചെയ്യും. അവൻ ഒരിക്കലും അതിൽനിന്ന് പിന്തിരിഞ്ഞ് നിൽക്കുകയില്ല. അവൻ, എപ്പോൾ ഒരു കാര്യത്തെ ഇസ്‌ലാം വിലക്കുകയും ഹറാമാക്കുകയും ചെയ്തിട്ടുണ്ട് എന്നറിയുന്നുവോ, അപ്പോൾ അവൻ അതിൽനിന്ന് അകലുകയും അതുപേക്ഷിച്ചുകൊണ്ട് അല്ലാഹു ﷻ ക്ക് കീഴ്പ്പെടുകയും ചെയ്യും. ഇത്തരക്കാരാണ് യഥാർത്ഥ മുസ്‌ലിംകൾ.

അല്ലാഹു ﷻ ക്ക് മാത്രമാകുന്നു സർവ്വ സ്തുതികളും. അവൻ നമുക്ക് നമ്മുടെ ദീനീ ചിഹ്നങ്ങൾ കാത്തുസംരക്ഷിച്ചുതന്നു. അതിനാൽ തന്നെ മുഴുവൻ നിഷിദ്ധങ്ങളുടെയും തെളിവുകൾ നമുക്ക് ശരീഅത്തിൽ അഥവാ ക്വുർആനിലും സുന്നത്തിലും വ്യക്തമായി കാണാം. അപ്രകാരം മുഴുവൻ

നിർബന്ധകാര്യങ്ങളും ഇബാദാത്തുകളും തെളിവുകൾ സഹിതം നമുക്ക് വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും കാണുവാൻ സാധിക്കും. കേവല ബുദ്ധിയുടെ വിധിനിർണയം നമുക്ക് ആവശ്യമില്ല. നമുക്ക് അവതരിക്കപ്പെട്ടത് നമ്മുടെ ഇച്ഛകൾ കൊണ്ട് നാം തൂക്കി കണക്കാക്കേണ്ടതുമില്ല. ശത്രുക്കൾ തങ്ങളുടെ തന്നിഷ്ടങ്ങളെ അളവുകോലുകളാക്കുകയും അത് നമുക്ക് നൽകുകയുമാണ്. അവരാകട്ടെ തങ്ങളുടെ തന്നിഷ്ടങ്ങളോട് ഒത്തത് പിൻപറ്റുകയും മതമാക്കുകയും തങ്ങളുടെ ഇച്ഛയോട് യോചിക്കാത്തത് വർജിക്കുകയും ചെയ്യുന്നു.

ഇസ്ലാം ഒരു നിയമസംഹിത ഉൾക്കൊള്ളുകയും അതിന്റെ പ്രമാണങ്ങൾ വ്യക്തവും ശരിയുമായി ഉണ്ടാവുകയും ചെയ്തിരിക്കെ, ഒരു മുസ്ലിമിന് ഒരു ദീനീകർമ്മവും പ്രസ്തുത പ്രമാണം തനിക്ക് സ്ഥിരപെട്ടിട്ടല്ലാതെ നിർവ്വഹിക്കേണ്ടതില്ല. അപ്രകാരം വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും സ്ഥിരപ്പെട്ട തെളിവ് കൊണ്ടല്ലാതെ അവൻ ഒരു കാര്യത്തേയും ഹറാമാക്കേണ്ടതുമില്ല.

ഈ ദീൻ സമ്പൂർണ്ണമാക്കുന്നതിന്റേയും വ്യക്തമാക്കുന്നതിന്റേയും ഉത്തരവാദിത്വം അല്ലാഹു ﷻ ഏറ്റെടുത്തിരിക്കുന്നു. പ്രവാചകൻ ﷺ യുടെ ജീവിത നാളുകളുടെ അവസാന കാലത്ത് അവതരിപ്പിച്ച ഒരു ആയത്തിൽ അല്ലാഹു ﷻ പറയുന്നു:

﴿ ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ ﴾

﴾.....ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു........﴿ വി. ക്വു. (5: 3)

ഇവിടെ ദീനിന്റെ പൂർത്തീകരണം എന്നാൽ എല്ലാ നന്മകളും ദീൻ ഉൾകൊള്ളുക എന്നതും എല്ലാ തിന്മകളും ദീൻ വിരോധിക്കുക എന്നതുമാണ്. പ്രവാചകൻ ﷺ, ദീൻ വ്യക്തമാക്കുകയും ദീനിന്റെ പാഠങ്ങളും വിവരണവും ആശയങ്ങളും പൂർത്തീകരിച്ച് തരികയും ചെയ്തു. അദ്ദേഹത്തെയാണല്ലോ ഈ ദീൻ ജനങ്ങൾക്ക് പൂർത്തീകരിച്ച് നൽകുവാനുള്ള ഉത്തരവാദിത്വം അല്ലാഹു ﷻ ഏൽപ്പിച്ചത്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ ﴾

﴾...നിനക്കു നാം ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കുവാൻവേണ്ടിയും.......﴿ വി. ക്വു. (16: 44)

അഥവാ വിശുദ്ധ ക്വുർആനിൽ വിധികൾ പൊതുവിൽ പറഞ്ഞത് പ്രവാചകൻ ﷺ ജനങ്ങൾക്ക് നന്നായി വ്യക്തമാക്കണം. പ്രമാണ വചനങ്ങൾ വിശദീകരിച്ച് നൽകണം. തന്റെ പ്രവൃത്തികളിലൂടെ പ്രവാചകൻ ﷺ അവ വ്യക്തമാക്കിയാൽ അത് അല്ലാഹു ﷻ യിൽ നിന്നുള്ള വ്യക്തമാക്കലാണ്. കാരണം, പ്രവാചക പ്രവൃത്തികൾ വഹ്യും ശറഉമാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ۝٣ إِنْ هُوَ إِلَّا وَحْىٌ يُوحَىٰ ﴾

﴾അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേ

ഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു.﴿ വി. ക്യു. (53: 3,4)

ഒരു അഅ്റാബി തന്റെ ഇസ്‌ലാം സ്വീകരണവേളയിൽ ഇപ്രകാരം പറഞ്ഞു: 'മുഹമ്മദ് കൊണ്ടുവന്ന(മതകാര്യങ്ങൾ) ഞാൻ നിരീക്ഷിച്ചു. അപ്പോൾ അദ്ദേഹം കൽപ്പിച്ച ഒരു കാര്യത്തെക്കുറിച്ചും 'അദ്ദേഹം അത് നിരോധിച്ചിരുന്നുവെങ്കിൽ' എന്നും അദ്ദേഹം നിരോധിച്ച യാതൊന്നിനെക്കുറിച്ചും 'അദ്ദേഹം അത് കൽപ്പിച്ചിരുന്നുവെങ്കിൽ' എന്നും ബുദ്ധി പറയുന്നതായി ഞാൻ കണ്ടില്ല.'

ഈ ബുദ്ധി സുരക്ഷിതമായ ബുദ്ധിയും നേർപ്രകൃതിയുള്ളതുമാണ്. അതുകാരണത്താൽ മതം നല്ലതാണെന്നും, അതു നന്മയാണ് ഉൾക്കൊള്ളുന്നതെന്നും, മുഴുവൻ തിന്മകളേയും അത് ഇല്ലായ്മ ചെയ്യുന്നുവെന്നും, ക്ഷേമതാത്പര്യങ്ങളുമായി അത് യോജിക്കുന്നുവെന്നും, ശരിയും സമ്പൂർണവും യഥാവിധവുമായ ജീവിതവ്യവസ്ഥ അത് ഉൾക്കൊള്ളുന്നുവെന്നും പ്രസ്തുത അരോഗിയായ ബുദ്ധിയും നേർപ്രകൃതിയും സാക്ഷിനിൽക്കുന്നു. ഇതിനാലാണ് ജനങ്ങൾക്ക് വേണ്ടി കൊണ്ടുവരപ്പെട്ട ഉത്തമ സമുദായത്തിന് ഈ ദീനിനെ അല്ലാഹു ﷻ തെരഞ്ഞെടുത്തത്. അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കും അജ്ഞതയിൽനിന്നും വഴികേടിൽനിന്നും സത്പാന്ഥാവിലേക്കും ഈമാനിലേക്കും അവരെ ഈ ദീനുകൊണ്ട് അല്ലാഹു ﷻ നയിച്ചതും.

അല്ലാഹു ﷻ ഹിദായത്ത് ഏകിയതിനാൽ ദീൻ സ്വീകരിക്കുകയും പ്രവാചകൻ ﷺ യെ സത്യപ്പെടുത്തുകയും ചെയ്ത ആളുകളെ സംബന്ധിച്ചിടത്തോളം ഈ ദീനിനെ സമ്പൂർണ

മായി പ്രയോഗവത്കരിക്കുകയും അതിനെ പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും വേണം. മാത്രമല്ല പ്രവർത്തിക്കുന്നതിനോടൊപ്പം ദീനിന്റെ ലക്ഷ്യങ്ങളും താത്പര്യങ്ങളും അറിയുകയും അതിലില്ലാത്തത് അതിലേക്ക് ചേർക്കാതിരിക്കുകയും വീഴ്ചവരുത്താതിരിക്കുകയും ദീനീവിഷയങ്ങളിൽ കുറവുവരുത്താതിരിക്കുകയും ചെയ്യണം.

# ഇസ്‌ലാം എന്തുകൊണ്ട് മദ്ധ്യമമായി?

മതങ്ങൾക്കിടയിൽ ഇസ്‌ലാം മദ്ധ്യമമാണ്. ഇസ്‌ലാമിന്റെ സലഫീ ആദർശവും ആരാധനകളും പുണ്യകർമ്മങ്ങളും കൃത്യമായി നിർവ്വഹിക്കുമ്പോൾ അവ തീവ്രതക്കും ജീർണതക്കും മദ്ധ്യേയുമാണ്.

ചില മതവിഭാഗങ്ങൾ തീവ്രരാകുകയും അതിരുകൾ മറികടക്കുകയും മറ്റുചില വിഭാഗക്കാർ ചുരുക്കുകയും പരിമിതപ്പെടുത്തുകയും ചെയ്തു. ഇത് അറിയുന്ന നാഥൻ മദ്ധ്യമനിലയിൽ ഇസ്‌ലാമിനെ കൊണ്ടുവന്നു. ഇസ്‌ലാമിന്റെ മിതത്വനിലപാടിനെ വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ ചുരുക്കരൂപത്തിൽ ഇവിടെ നൽകുന്നു.

# ഇസ്‌ലാം ജൂതമതത്തിനും ക്രിസ്തുമതത്തിനും മദ്ധ്യേ

## വിശ്വാസകാര്യങ്ങൾ

**ജൂതമതം:** യഹൂദികളായ മൂസാ عليه السلام യുടെ അനുയായികൾ കൊണ്ടുനടന്നിരുന്ന ആദർശം ദിവ്യപ്രോക്തമായിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ ആ മതത്തെ അല്ലാഹു ﷻ തെരഞ്ഞെടുക്കുകയും ശ്രേഷ്ഠപ്പെടുത്തുകയും ചെയ്തു. പക്ഷെ, മുഹമ്മദ്ﷺ നിയോഗിക്കപ്പെടുന്നതുവരെയായിരുന്നു പ്രസ്തുത ആദർശത്തിന്റെ കാലപരിധി. അദ്ദേഹം നിയോഗിതനായ കാലം മുതൽ അത് ദുർബലപ്പെടുത്തപ്പെടുകയുമുണ്ടായി.

ജൂതമതം നബിമാരുടെ വിയോഗാനന്തരം മാറ്റത്തിരുത്തലുകൾക്കും കോട്ടിമാട്ടലുകൾക്കും വിധേയമായി, എന്നാൽ നമ്മുടെ ദീനിൽ പ്രസ്തുത കോട്ടിമാട്ടലുകൾ ഉണ്ടായില്ല. കാരണം, ഇസ്‌ലാമിക ശരീഅത്തിനെ സംരക്ഷിച്ചുനിർത്തുമെന്ന് അല്ലാഹു ﷻ ഉറപ്പ് പ്രഖ്യാപിച്ചിരിക്കുന്നു:

﴿ إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَـٰفِظُونَ ﴾

﴾ തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്. ﴿ *വി. ക്യു.* (15: 9)

ഈ ദീനിൽ വല്ല ഏറ്റകുറച്ചിലുകളോ മാറ്റതിരുത്തലുകളോ വരുത്തുന്നതിൽനിന്ന് അല്ലാഹു ﷻ അതിനെ സംരക്ഷി

ച്ചിരിക്കുന്നു. എന്നാൽ മറ്റ് മതങ്ങളുടെ സംരക്ഷണച്ചുമതല അവയിലെ പണ്ഡിതന്മാരിലേക്കും മതാനുയായികളിലെ പുരോഹിതന്മാരിലേക്കും അല്ലാഹു ﷻ ഏൽപ്പിച്ചു. അല്ലാഹു ﷻ പറഞ്ഞു:

﴿ بِمَا ٱسۡتُحۡفِظُواْ مِن كِتَٰبِ ٱللَّهِ وَكَانُواْ عَلَيۡهِ شُهَدَآءَۚ ﴾

﴿...കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ സംരക്ഷണം അവർക്ക് ഏല്പിക്കപ്പെട്ടിരുന്നു. അവരതിന് സാക്ഷികളുമായിരുന്നു.........﴾ വി. ക്വു. (5: 44)

പൂർവ്വ മതസംഹിതകൾ അനുയോജ്യമല്ലാത്തവിധം മാറ്റത്തിരുത്തലുകൾക്ക് വിധേയമാകുവാൻ അത് കാരണമായി. അവക്ക് ശേഷം അല്ലാഹു ﷻ മുഹമ്മദ് നബി ﷺ യെ നിയോഗിച്ചു. ദീനിനെ അല്ലാഹു ﷻ സ്വയം സംരക്ഷിക്കുകയും ചെയ്തു. അതിനാൽ ഇസ്‌ലാം മനുഷ്യകുലത്തിന് എന്നെന്നും യോജിച്ച ഏകമതമായിത്തീർന്നു.

## *യഹൂദ മതത്തിലുണ്ടായ മാറ്റതിരുത്തലുകൾക്ക് ഉദാഹരണങ്ങൾ:*

1. ഈസാ عليه السلام യെ കുറിച്ച് അവർ ജാര സന്താനം എന്ന് പറഞ്ഞു.
2. മറിയം വ്യഭിചാരിണിയാണ് എന്നും അവർ പറഞ്ഞു. അല്ലാഹു ﷻ പറഞ്ഞു:

﴿ وَبِكُفۡرِهِمۡ وَقَوۡلِهِمۡ عَلَىٰ مَرۡيَمَ بُهۡتَٰنًا عَظِيمًا ﴾

﴾....മർയമിന്റെ പേരിൽ അവർ ഗുരതരമായ അപവാദം പറഞ്ഞതിനാലും(അവർ ശപിക്കപ്പെട്ടിരിക്കുന്നു.)﴿ വി.ക്യു.(4: 156)

**ക്രിസ്തുമതം:** ഭൂമുഖത്ത് വലിയൊരു വിഭാഗമാളുകൾ മതമായി കൊണ്ടുനടക്കുന്നത് ക്രിസ്തുമതത്തേയാണ്. ഈസാ عليه السلام യുടെമേൽ അവതരിപ്പിച്ച മതം ദിവ്യപ്രോക്ത സത്യമതമായിരുന്നു എന്നതിൽ സംശയമില്ല. പക്ഷെ, പ്രസ്തുത മതം യഹൂദമതത്തെ പോലെ മുഹമ്മദ് ﷺ യുടെ കാലംവരേക്കും സമയ ബന്ധിതമായിരുന്നു. ഈസാ عليه السلام പ്രവാചകൻ മുഹമ്മദ് ﷺ യുടെ ആഗമനത്തെകുറിച്ച് സന്തോഷ വാർത്ത അറിയിച്ചിട്ടുമുണ്ട്. അല്ലാഹു سبحانه وتعالى പറഞ്ഞു:

﴿ إِنِّى رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ ﴾

﴾....ഇസ്രായീൽ സന്തതികളേ, എനിക്കുമുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ........... ﴿
*വി. ക്യു. (61: 6)*

ഈസാ عليه السلام യിൽനിന്നും ഇതര പ്രവാചകന്മാരിൽനിന്നും മുഹമ്മദ് നബി ﷺ എന്ന് നിയോഗിതനാകുന്നുവോ

അന്ന് അദ്ദേഹത്തെ അവർ പിൻപറ്റണമെന്ന് കരാർ വാങ്ങിയിരുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ وَإِذْ أَخَذَ ٱللَّهُ مِيثَٰقَ ٱلنَّبِيِّـۧنَ لَمَآ ءَاتَيْتُكُم مِّن كِتَٰبٍ وَحِكْمَةٍ ثُمَّ جَآءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِۦ وَلَتَنصُرُنَّهُۥ ﴾

﴿അല്ലാഹു പ്രവാചകന്മാരോട് കരാറ് വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക): ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും, അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചുകൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് എന്ന്........﴾ *വി. ഖു.* (3: 81)

അലി رضي الله عنه യും ഇബ്നു അബ്ബാസ് رضي الله عنه ഉം പറയുന്നു: ഏതെങ്കിലും ഒരു നബി, മുഹമ്മദ് നിയോഗിക്കപെടുമ്പോൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ പ്രസ്തുത നബി മുഹമ്മദിൽ വിശ്വസിക്കണമെന്നും അദ്ദേഹത്തെ സഹായിക്കണമെന്നും എല്ലാ നബിമാരോടും അല്ലാഹു ﷻ കരാറ് ചെയ്തിട്ടുണ്ട്. അപ്രകാരം മുഹമ്മദ് ﷺ നിയോഗിക്കപ്പെടുമ്പോൾ ജീവിച്ചിരിക്കുന്ന മതാനുയായികളോട് അദ്ദേഹത്തിൽ വിശ്വസിക്കണമെന്നും അദ്ദേഹത്തെ സഹായിക്കണമെന്നും അനുയായികളിൽനിന്ന് കരാറുവാങ്ങുവാൻ അല്ലാഹു ﷻ കൽപിച്ചിട്ടുണ്ട്.

എന്നാൽ ക്രൈസ്തവർ മതത്തിൽ വർദ്ധിപ്പിക്കുകയും തീവ്രരാകുകയും ഈസാ عليه السلام യെ ഉയർത്തി അദ്ദേഹം

അർഹിക്കാത്തത് അദ്ദേഹത്തിന് നൽകുകയുമുണ്ടായി. അവർ പറഞ്ഞതായി അല്ലാഹു ﷻ പറയുന്നു:

﴿ إِنَّ ٱللَّهَ هُوَ ٱلۡمَسِيحُ ٱبۡنُ مَرۡيَمَ ﴾

﴿തീർച്ചയായും മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു...﴾ *വി. ക്യു.* (5: 17)

﴿ وَقَالَتِ ٱلنَّصَٰرَى ٱلۡمَسِيحُ ٱبۡنُ ٱللَّهِۖ ﴾

﴿...മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു..........﴾ *വി. ക്യു.* (9: 30)

ത്രികേയത്വം പറഞ്ഞവർ അവിശ്വാസികളാണ് എന്ന് അല്ലാഹു ﷻ പറയുന്നു:

﴿ لَّقَدۡ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ ثَالِثُ ثَلَٰثَةٖۘ وَمَا مِنۡ إِلَٰهٍ إِلَّآ إِلَٰهٞ وَٰحِدٞۚ وَإِن لَّمۡ يَنتَهُواْ عَمَّا يَقُولُونَ لَيَمَسَّنَّ ٱلَّذِينَ كَفَرُواْ مِنۡهُمۡ عَذَابٌ أَلِيمٌ ﴾

﴿അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏകആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽനിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.﴾ *വി. ക്യു.*(5: 73)

**ഇസ്‌ലാംമതം:** ശേഷം ഇസ്‌ലാം വന്നു. യഹൂദർക്കും ക്രൈസ്തവർക്കും ഇടയിൽ ഇസ്‌ലാം മദ്ധ്യമനിലപാട് പുലർത്തി. ഈസാ عليه السلام യെ കുറിച്ച് അല്ലാഹുവിന്റെ പുത്രൻ, 'മൂന്നിൽ

ഒന്ന്” എന്നിങ്ങനെ തീവ്രവിശ്വാസം പരത്തി ക്രൈസ്തവരെ പോലെ അതിര്‍ ലംഘനമോ, യഹൂദരെപോലെ ‘ജാര സന്താനം’ എന്ന കുറ്റം പരത്തുന്ന ജീര്‍ണതയോ ഇസ്‌ലാമില്‍ ഇല്ല. പ്രത്യുത ഈസാ ﵇ അല്ലാഹുവിന്റെ ദാസനും ദൂതനും മര്‍യമിലേക്ക് അല്ലാഹു നല്‍കിയ വചനവുമാണെന്ന് മുസ്‌ലിംകള്‍ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يَـٰبَنِىٓ إِسْرَٰٓءِيلَ إِنِّى رَسُولُ ٱللَّهِ إِلَيْكُم ﴾

﴿മര്‍യമിന്റെ പുത്രന്‍ ഈസാ പറഞ്ഞ സന്ദര്‍ഭവും (ശ്രദ്ധേയമാകുന്നു) ഇസ്റാഈല്‍ സന്തതികളേ, നിശ്ചയം ഞാന്‍ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനകുന്നു,..﴾ *വി. ക്യു.* (61: 6)

﴿ إِنَّمَا ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ رَسُولُ ٱللَّهِ وَكَلِمَتُهُۥٓ أَلْقَىٰهَآ إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ ۖ ﴾

﴿...മര്‍യമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മര്‍യമിലേക്ക് അവന്‍ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കല്‍ നിന്നുള്ള ഒരാത്മാവും മാത്രമാകുന്നു.﴾
*വി. ക്യു.* (4: 171)

അപ്പോള്‍ അദ്ദേഹം ഇതര ദൈവദൂതരെപ്പോലെ ഒരു ദൈവദൂതന്‍ മാത്രം. ഇതത്രേ മദ്ധ്യമ മതം.

# കർമ്മങ്ങൾ

കർമ്മങ്ങളിലും ഇസ്‌ലാം യഹൂദർക്കും ക്രൈസ്തവർക്കും ഇടയിൽ മദ്ധ്യമനിലപാട് വെച്ചുപുലർത്തി. ചില ഉദാഹരണങ്ങൾ പ്രസ്തുത വിഷയം വ്യക്തമാക്കുന്നതിനുവേണ്ടി ഇവിടെ ഉണർത്തുന്നു.

1. യഹൂദികൾ ത്വലാക്വ്(വിവാഹ മോചനം) ചെയ്യാമെന്ന് പറയുന്നു. എന്നാൽ ത്വലാക്വിന് ശേഷം മടക്കിയെടുക്കുവാൻ പാടില്ല എന്നതാണ് അവരുടെ നിലപാട്. എന്നാൽ ക്രൈസ്തവർ ത്വലാക്വ് (വിവാഹ മോചനം) തീരെ പാടില്ല എന്നാണ് പറയുന്നത്. വൈവാഹികബന്ധം നടന്നാൽ പിന്നീട് ത്വലാക്വ് ഒരിക്കലും ഇല്ല. ഭർത്താവ് ത്വലാക്വിനെ അവകാശപ്പെടുന്നുമില്ല. ഇസ്‌ലാം മദ്ധ്യമനിലപാട് പുലർത്തുകയും ഒരാൾക്ക് തന്റെ ഭാര്യയെ അവശ്യഘട്ടത്തിൽ ത്വലാക്വ് ചെയ്യുവാനും ഒന്നും രണ്ടും ത്വലാക്വുകൾക്ക് ശേഷം മടക്കിയെടുക്കുവാനും അവസരം നിശ്ചയിച്ചു. ചിലപ്പോൾ ചിലർ ത്വലാക്വ് യാതൊരു അവധാനതയുമില്ലാതെ കൈകാര്യം ചെയ്താൽ തന്നെ മടക്കിയെടുക്കുന്നതിലൂടെ തന്നിൽനിന്നും വന്നതായ ഈ അവിവേകം പരിഹരിക്കുവാൻ സാധിക്കും.

2. യഹൂദികൾ കൊലക്കേസിൽ 'ക്വിസ്വാസ്" (കൊലക്കു പകരം കൊല എന്ന തുല്ല്യശിക്ഷ) നിർബന്ധമായും വേണമെന്നും ഒരിക്കലും 'അഫ്വ്" (മാപ്പ്) നൽകുവാൻ പാടില്ലെന്നും പറയുന്നു. എന്നാൽ നസ്വാറാക്കൾ 'അഫ്വ്" നിർബന്ധമെന്ന് പറയുന്നു. ഇസ്‌ലാം 'തഖ്‌യീർ' കൊണ്ട് വന്നു അഥവാ വധിക്കപ്പെട്ടവന്റെ രക്ഷാധികാരിക്ക് ക്വിസ്വാസ് ആവശ്യപ്പെടുവാനും

മാപ്പ് നൽകി 'ബ്ളഡ് മണി' ആവശ്യപ്പെടുവാനും അല്ലെങ്കിൽ നിരുപാധികം മാപ്പ് നൽകുവാനും സ്വാതന്ത്ര്യമുണ്ട്. ഇതോടെ ഇസ്‌ലാം മദ്ധ്യമ നിലപാട് പുലർത്തി, അഥവാ മാപ്പ് നൽകുവാനോ ക്വിസ്വാസ് നടപ്പിലാക്കുവാനോ നിർബന്ധിച്ചില്ല. പ്രത്യുത അവ രണ്ടിനുമിടയിൽ മദ്ധ്യമ നിലപാട് സ്വീകരിച്ചു.

## പ്രതികാര നടപടികൾ

ഇസ്‌ലാം ശിക്ഷാ നടപടികൾ സ്വീകരിക്കുന്ന വിഷയത്തിലും മദ്ധ്യമ നിലപാട് പുലർത്തി. ഏതൊരു തെറ്റായ പ്രവൃത്തികൾക്കും ശിക്ഷാനടപടി തുല്യത്തിന് തുല്യം എന്നതാണ് ഇസ്‌ലാമിക നിലപാട്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَإِنْ عَاقَبْتُمْ فَعَاقِبُوا۟ بِمِثْلِ مَا عُوقِبْتُم بِهِۦ ۖ وَلَئِن صَبَرْتُمْ لَهُوَ خَيْرٌ لِّلصَّـٰبِرِينَ ﴾

﴿നിങ്ങൾ ശിക്ഷാനടപടി സ്വീകരിക്കുകയാണെങ്കിൽ (എതിരാളികളിൽനിന്ന്) നിങ്ങളുടെ നേരെയുണ്ടായ ശിക്ഷാനടപടിക്ക് തുല്യമായ നടപടി നിങ്ങൾ സ്വീകരിച്ച് കൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ അതു തന്നെയാണ് ക്ഷമാശീലർക്ക് കൂടുതൽ ഉത്തമം.﴾ *വി. ക്വു.* (16: 126)

ഒരാൾ മറ്റൊരാൾക്ക് നേരെ അതിക്രമം പ്രവൃത്തിച്ചാൽ തത്തുല്യമായി ശിക്ഷാനടപടി സ്വീകരിക്കുവാൻ അല്ലാഹു ﷻ അനുവാദം നൽകിയിരിക്കുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ فَمَنِ ٱعْتَدَىٰ عَلَيْكُمْ فَٱعْتَدُوا۟ عَلَيْهِ بِمِثْلِ مَا ٱعْتَدَىٰ عَلَيْكُمْ ۚ ﴾

﴿...അപ്രകാരം നിങ്ങൾക്കെതിരെ ആർ അതിക്രമം കാണിച്ചാ

ലും അവൻ നിങ്ങളുടെ നേർക്ക് കാണിച്ച അതിക്രമത്തിന്ന് തുല്യമായി അവന്റെ നേരെയും 'അതിക്രമം' കാണിച്ചുകൊള്ളുക....》 വി. ക്വു. (2: 194)

അഥവാ തുല്യമായിമാത്രം. വർധനവ് പാടുള്ളതല്ല. എന്നാൽ ക്ഷമ അവലംബിക്കുന്നതിനാണ് അല്ലാഹു ﷻ പ്രാമുഖ്യം കൽപ്പിച്ചത്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَلَئِن صَبَرْتُمْ لَهُوَ خَيْرٌ لِّلصَّابِرِينَ ﴾

《നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ അതുതന്നെയാണ് ക്ഷമാശീലർക്ക് കൂടുതൽ ഉത്തമം.》 വി. ക്വു. (16: 126)

എന്നാൽ ക്രിസ്തുമതം അതിന്റെ അനുയായികളോട് മാപ്പ് നൽകുവാൻ കൽപ്പിക്കുന്നു. ഒരിക്കലും സ്വന്തത്തിനു വേണ്ടി പ്രതികാര നടപടിയെടുക്കുവാൻ കൽപ്പിക്കുന്നില്ല. യഹൂദരാകട്ടെ ശിക്ഷാനടപടി മാത്രം കൈക്കൊള്ളുവാൻ കൽപ്പിക്കുന്നു. തെറ്റുകാരനോട് പ്രതിക്രിയയിലൂടെ കണക്കു തീർക്കുവാൻ നിർബന്ധിക്കുന്നു. ഇവിടെയാണ് ഇസ്‌ലാം അതിന്റെ മദ്ധ്യമ നിലപാടുമായി വരുന്നത്.

# ഇസ്‌ലാമും ഇതരമതങ്ങളും

ഇസ്‌ലാം വന്നു. വിഗ്രഹാരാധകർ ബിംബങ്ങളേയും പ്രതിമകളേയും പൂജിക്കുന്നവരായിരുന്നു. തങ്ങളുടെ ആരാധ്യർ മധ്യവർത്തികളായികൊണ്ട് തങ്ങളെ അല്ലാഹു ﷻ വിലേക്ക് അടുപ്പിക്കുമെന്നും തങ്ങൾക്കുവേണ്ടി അവർ അല്ലാഹു ﷻ നോട് ശുപാർശ പറയുമെന്നും അവർ വിശ്വസിച്ചു. അല്ലാഹു ﷻ വിന് മാത്രം അർപ്പിക്കേണ്ട ആരാധനകൾ അല്ലാഹു അല്ലാത്തവർക്ക് അവർ സമർപ്പിച്ചു. ഇസ്‌ലാം വന്നപ്പോൾ അവരെ ബഹുദൈവ വിശ്വാസത്തിൽനിന്ന് പൂർണ്ണമായും വിലക്കി. വിഗ്രഹങ്ങളുമായി ബന്ധപ്പെടുന്നതിൽനിന്ന് അവർക്ക് ശക്തമായ താക്കീതുനൽകി. അല്ലാഹു ﷻ വിനെ മാത്രം ആരാധിക്കുവാൻ അവരോട് കല്പിക്കുകയും കല്ല്, ഗുഹ, പാറ, മരം, ഔലിയാ, അമ്പിയാ തുടങ്ങിയവരെ ആരാധിക്കുന്നതിൽനിന്ന് അവരെ തടയുകയും ചെയ്തു.

ഇന്ന് പ്രചുര പ്രചാരം നേടിയ മതങ്ങളിൽ പെട്ടതാണ് ബുദ്ധമതം. ശ്രീബുദ്ധൻ എന്ന വ്യക്തിയുടെ വിശ്വാസാചാരങ്ങളിലാണ് ബുദ്ധമത വിശ്വാസികൾ. ശ്രീബുദ്ധനാകട്ടെ സ്വന്തം ശരീരം തനിക്ക് സത്യമെന്ന് തോന്നിച്ചത് പുതുതായി നിർമ്മിക്കുകയും കണ്ടെത്തുകയും ചെയ്തു. സൃഷ്ടാവായ അല്ലാഹു ﷻ പ്രമാണം അവതരിപ്പിച്ചിട്ടില്ലാത്ത കാര്യങ്ങളാണ് അയാൾ പുതുതായി നിർമ്മിച്ചത്. എന്നിട്ടും അവക്ക് അനുയായിക

ളുണ്ടായി. നാടുകളിൽ പ്രചരിച്ചു. ബുദ്ധമത ചിന്തകൾ പലരും പുൽകുകയും വിശുദ്ധപ്പെടുത്തുകയും ചെയ്യുന്നു.

ഹിന്ദുമത വിശ്വാസികൾ ദൈവേതരരെ ആരാധിക്കുന്ന വരാണ്. തികഞ്ഞ വിഗ്രഹപൂജകരാണ് ഹിന്ദുക്കൾ.

ക്വാദിയാനിസം, ബാത്വിനിയ്യത്ത് തുടങ്ങിയവയും ഇതു പോലെ പിഴച്ച ആദർശങ്ങളാണ്. അവക്ക് ജന്മം നൽകിയവർക്ക് പിശാച് തങ്ങൾ സത്യത്തിലാണെന്ന് ബോധനം നൽകുകയും അവർ തങ്ങളുടെ ആദർശമായി അത് കൊണ്ടു നടക്കുകയും ചെയ്യുന്നു. ക്വാദിയാനിസം വ്യർഥമായ മതമാണ്. അത് ഇസ്ലാമിനോട് തീർത്തും എതിരാണ്.

'ബാത്വിനിയ്യത്' പ്രസ്ഥാനം കർമ്മങ്ങൾക്ക് ബാഹ്യവശങ്ങൾക്കപ്പുറം ആന്തരിക അർത്ഥം നിശ്ചയിച്ചവരാണ്. എല്ലാ ആരാധനകൾക്കും ഈ ആന്തരികതയുണ്ടെന്നും മതം അവയുടെ ബാഹ്യരൂപങ്ങൾ ആവശ്യപ്പെടുന്നില്ലെന്നും അവർ വിശ്വസിക്കുന്നു. ഈ പ്രസ്ഥാനമത്രെ കൊടിയ കുഫ്റും വഴികേടിന്റെ തറവാടും. കാരണം ബാത്വിനിയ്യാ പ്രസ്ഥാനത്തിന്റെ വക്താക്കൾ മതത്തോട് അതിന്റെ വിശ്വാസാചാരണങ്ങളിൽ എതിരാകുന്നു. ബാത്വിനിയ്യാ കക്ഷികൾ ഇന്നും അറബുനാടുകളിൽ കാണപ്പെടുന്നു. അറബുനാടുകളിൽ 'ദുറൂസ് ' 'നുസ്വയ്രിയ്യ' എന്നീ നാമകരണങ്ങളിൽ കാണപ്പെടുന്ന കക്ഷികളെല്ലാം ബാത്വിനിയ്യാകളിൽപെട്ട കക്ഷികളാണ്. ഇസ്ലാമിക നാമകരണമാണ് അവർക്കെങ്കിലും അവർ യഥാർത്ഥത്തിൽ മുസ്ലിംകൾ അല്ല; കാരണം, അവർ ഇസ്ലാമിക ആശയങ്ങളെ പ്രയോഗവൽക്കരിക്കുന്നേയില്ല.

# വിവിധ കക്ഷികൾക്കിടയിൽ അഹ്‌ലുസുന്നഃത്തിന്റെ മിതത്വം

ഇസ്‌ലാമിൽ പ്രവേശിച്ച പലർക്കും ഇസ്‌ലാമിക വിഷയങ്ങൾ ആശയകുഴപ്പത്തിലാവുകയും ഇസ്‌ലാമിനെ അനുധാവനം ചെയ്യുന്ന വിഷയങ്ങളിൽ പ്രാമാണികരല്ലാത്തവർ അവർക്ക് പലതും കൂട്ടിനൽകുകയും ചെയ്തു. അന്യമതക്കാരയ പലരും ഇസ്‌ലാമിൽ പ്രവേശിച്ചതോടെയായിരുന്നു അത്. അതോടെ അവർ വ്യതിചലിക്കുകയും വിവിധ കക്ഷികളാവുകയും ചെയ്തു.

തന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായിത്തീരുമെന്ന് നബി ﷺ പ്രവചിച്ചിട്ടുണ്ട്:

«أَلَا إِنَّ مَنْ قَبْلَكُمْ مِنْ أَهْلِ الْكِتَابِ افْتَرَقُوا عَلَى ثِنْتَيْنِ وَسَبْعِينَ مِلَّةً وَإِنَّ هَذِهِ الْمِلَّةَ سَتَفْتَرِقُ عَلَى ثَلَاثٍ وَسَبْعِينَ. ثِنْتَانِ وَسَبْعُونَ فِـــي النَّارِ وَوَاحِدَةٌ فِي الْجَنَّةِ وَهِيَ الْجَمَاعَةُ »

«അറിയുക, നിശ്ചയം നിങ്ങളുടെ പൂർവ്വികരായ വേദക്കാർ എഴുപത്തിരണ്ടുകക്ഷികളായി പിരിയുകയുണ്ടായി. ഈ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയും. (അതിൽ) എഴുപത്തിരണ്ടും നരകത്തിലാണ്. ഒന്ന് സ്വർഗ്ഗത്തിലാണ്. അ

തത്രെ അൽജമാഅഃ (അഥവാ പ്രവാചകൻ ﷺ യും സ്വഹാബി കളും നിലനിന്ന മാർഗ്ഗത്തിൽ നിലകൊള്ളുന്നവർ).» [1]

രക്ഷപ്പെട്ട കക്ഷിയെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്:

«مَا أَنَا عَلَيْهِ وَأَصْحَابِي»

«ഞാനും എന്റെ സ്വഹാബത്തും ഏതൊന്നിലാണോ (അതി ൽ നിലകൊള്ളുന്നവരാണ്)» (തിർമുദി) ആയതിനാൽ തന്നെ അഹ്‌ലു സുന്നത്തി വൽജമാഅഃത്തിന്റെ ആദർശം എന്നാൽ അത് 'അസ്സീറത്തു സ്സലഫിയ്യഃ' (സലഫീചരിതം) യാണ്. അതുത ന്നെയാണ് 'അൽ അകീദത്തു സുന്നിയ്യഃ' (സുന്നിആദർശം), 'അശ്ശരീഅത്തുൽ മുഹമ്മദിയ്യഃ' (മുഹമ്മദീയ ശരിഅത്ത്), 'അ ൽ മില്ലത്തുൽ ഇബ്റാഹീമിയ്യഃ'(ഇബ്റാഹീമി മില്ലത്ത്) എന്നിവ.

അഹ്‌ലുസുന്നഃയുടെ ആദർശത്തിലേക്ക് നാമൊന്ന് കണ്ണോടിച്ചാൽ മറ്റു കക്ഷികളുടെ വിശ്വാസ കാര്യങ്ങളെ അപേ ക്ഷിച്ച് അത് മദ്ധ്യമ നിലപാട് പുലർത്തുന്നത് കാണുവാൻ സാ ധിക്കും. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ رحمه الله പറയു ന്നു: "വിജയത്തിന്റെ കക്ഷിയായ അഹ്‌ലുസുന്നത്തി വൽ ജ മാഅഃ അല്ലാഹുവിന്റെ റസൂൽ ﷺ, അല്ലാഹുവിന്റെ വിശേഷണ മായി പറഞ്ഞതിൽ വിശ്വസിക്കുന്നു; അല്ലാഹു سبحانه وتعالى അവന്റെ ഗ്ര ന്ഥത്തിൽ തന്നെക്കുറിച്ച് പറഞ്ഞത് വ്യത്യാസമോ, നിഷേധ മോ, രൂപപ്പെടുത്തലോ, കോലപെടുത്തലോ ഇല്ലാതെ വിശ്വസി

[1] *അൽബാനിയുടെ സിൽസിലത്തു സ്സ്വഹീഹഃ 204 നോക്കുക.*

ക്കുന്നതുപോലെ. മാത്രമല്ല അവർ സമുദായ കക്ഷികളിൽ മിതത്വം പുലർത്തുന്നവരാണ്; ഇതര സമൂഹങ്ങൾക്കിടയിൽ മുസ്ലിം സമുദായം മദ്ധ്യമ സമുദായമെന്നപോലെ." (അൽ അക്വീദത്തുൽ വാസിത്വിയ്യഃ)

## അഹ്ലുസുന്നഃത്തിന്റേയും സലഫീ അക്വീദയുടേയും മധ്യമനിലപാട് വ്യക്തമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ

### ഒന്ന്: ക്വദ്വാ ക്വദ്റിന്റെ വിഷയത്തിൽ അഹ്ലു സുന്നഃയുടെ മധ്യമ നിലപാട്:

ക്വദ്റിന്റെ വിഷയത്തിൽ രണ്ട് കക്ഷികൾ വ്യതിചലിച്ചു. ഒരു വിഭാഗം അതിരുവിടുകയും ഏറ്റിപ്പറയുകയും തീവ്രരാകുകയും ചെയ്തു. അവരാണ് ജബ്രിയ്യാക്കൾ. മറ്റേ വിഭാഗം ചുരുക്കുകയും കുറക്കുകയും ചെയ്തു. അവരാണ് ക്വദ്രിയ്യാക്കൾ. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ رحمه الله പറയുന്നതുപോലെ "അഹ്ലു സുന്നത്ത് ക്വദ്രിയാക്കളുടേയും ജബ്രിയ്യാക്കളുടേയും മധ്യത്തിലാണ് അല്ലാഹുവിന്റെ പ്രവൃത്തികളിൽ." (അൽ അക്വീദത്തുൽ വാസിത്വിയ്യഃ)

1. ക്വദ്രിയാക്കൾ മുഅ്തസിലികളാണ്. അവർ പറയുന്നു: തീർച്ചയായും മനുഷ്യനാണ് തന്റെ പ്രവൃത്തികൾ പടക്കുന്നത്. അല്ലാഹുവിന് മനുഷ്യരെ നേർമാർഗ്ഗത്തിലാക്കുവാനോ വഴികേടിലാക്കുവാനോ കഴിവില്ല. അതിനാൽ ക്വദ്രി

യാക്കൾ ശിർക്ക് ചെയ്തവരായി. ഈ ഉമ്മത്തിലെ അഗ്നി ആരാധകരാണ് അവർ.

2. ജബ്‌രിയാക്കൾ. അവർ ക്വദ്റ് സ്ഥാപിക്കുന്നതിൽ തീവ്രരായി. മനുഷ്യരുടെ പ്രവൃത്തിയെ അവർ പാടെ നിരാകരിച്ചു. അഥവാ മനുഷ്യൻ തന്റെ പ്രവൃത്തികളിൽ യാതൊരു സ്വാതന്ത്ര്യവുമില്ലാതെ എല്ലാം അടിച്ചേൽപ്പിക്കപെട്ടവനാണെന്ന് അവർ പറഞ്ഞു. തനിക്ക് സ്വാതന്ത്ര്യമുള്ള മേഖലകളിൽനിന്നുപോലും മനുഷ്യനെ അവർ ഒഴിവാക്കി.

അഹ്‌ലുസുന്നഃ മദ്ധ്യമനിലപാട് കൊണ്ടുവന്നു. മനുഷ്യന് സ്വാതന്ത്ര്യമുണ്ട്; പക്ഷേ പ്രസ്തുത സ്വാതന്ത്ര്യം അല്ലാഹുവിന്റെ ഉദ്ദേശവും വേണ്ടുകയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അല്ലാഹു ﷻ പറഞ്ഞു:

﴿ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ ﴾

《അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷമല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല......》 *വി. ക്വു.* (76: 30)

അടിയാറുകൾ പ്രവൃത്തിക്കുന്നു. എന്നാൽ അല്ലാഹുവാണ് അവരേയും അവരുടെ പ്രവൃത്തികളേയും സൃഷ്ടിച്ചത്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَٱللَّهُ خَلَقَكُمْ وَمَا تَعْمَلُونَ ﴾

《അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയേയും സൃഷ്ടിച്ചത്.》 *വി. ക്വു.* (37: 96)

ഇതാണ് ക്വദ്വാ ക്വദ്റിന്റെ വിഷയത്തിൽ അഹ്ലുസുന്നഃയുടെ മദ്ധ്യമ നിലപാട്.

## രണ്ട്: ഈമാനിന്റെ വിഷയത്തിൽ അഹ്ലുസുന്നഃ യുടെ മിതവാദം

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ رحمه الله പറയുന്നു: "അഹ്ലുസുന്നഃ, ദീനിൽ അറിയപ്പെട്ട സാങ്കേതിക നാമങ്ങളുടെ വിഷയങ്ങളിലും ഹറൂറിയ്യത്ത് മുഅ്തസിലിയ്യത്ത് എന്നീ കക്ഷികളുടേയും മുർജിഅഃത്ത്, ജഹ്മിയ്യത്ത് എന്നീ കക്ഷികളുടേയും ഇടയിലാണ്.[1] (അൽ അകീദത്തുൽ വാസിത്വിയ്യഃ) കാരണം ഈ വിഷയത്തിലും വ്യതിചലിച്ച രണ്ട് കക്ഷികളുണ്ട്. ഒന്ന്: വീഴ്ച്ചയും കുറവും വരുത്തിയവർ. രണ്ട്: അതിരുവിട്ടവർ.

മുർജിഅത്ത് പറയുന്നു: 'ഈമാൻ' ഉള്ളതോടൊപ്പം ഒരു പാപവും ഉപദ്രവമാകില്ല; കുഫ്റ് ഉള്ളതോടൊപ്പം ഒരു പുണ്യവും ഉപകരിക്കാത്തതുപോലെ. ഈ വിഭാഗത്തിന് മുർജിഅഃ എന്ന് പേരു വിളിക്കപ്പെടുവാൻ കാരണം. അവർ കർമ്മങ്ങൾ ഈമാനിൽ പെട്ടതല്ല എന്ന് വാദിച്ചതിനാലാണ്. അവർ

---

[1] *'മുഅ്മിൻ', 'മുസ്ലിം', 'കാഫിർ', 'ഫാസിക്വ്' ' തുടങ്ങിയ സാങ്കേതിക നാമങ്ങളാണ് ഉദ്ദേശം. കാരണം ഈ പേരുകളിൽ അറിയപ്പെടുന്നവർക്ക് ദുനിയാവിലും ആഖിറത്തിലും വിധികളായി എന്തെല്ലാമുണ്ട് എന്നതിൽ തികഞ്ഞ അജ്ഞതയും അവിവേക സമീപനങ്ങളും അഭിപ്രായ ഭിന്നതകളും വ്യതിചലിച്ച കക്ഷികൾക്കിടയിലുണ്ട്. അതാണ് ഗ്രന്ഥകാരൻ ശേഷം ഉണർത്തുന്നത്.*

കർമ്മങ്ങളെ പിന്തിപ്പിച്ചു. മുർജിഅഃ എന്നാൽ പിന്തിപ്പിക്കുന്ന വർ എന്നാണർത്ഥം. ഒരാൾ ഹൃദയംകൊണ്ട് സത്യപ്പെടുത്തി, കർമ്മങ്ങൾ ഒന്നും ചെയ്തില്ല. എന്നാലും അവർ സമ്പൂർണ 'മുഅ്മിൻ' തന്നെയാണ് എന്ന് അവർ വാദിക്കുന്നു. വൻപാപം ചെയ്തവർ മുർജിആക്കളുടെ അടുത്ത് പൂർണവിശ്വാസിയാ കുന്നു. അവൻ ഒരിക്കലും നരകം അവകാശപ്പെടുന്നില്ല എ ന്നും അവർ ജൽപ്പിക്കുന്നു.

ഖവാരിജുകൾ, ഹറൂറിയാക്കൾ, മുഅ്തസിലുകൾ എ ന്നീ വിഭാഗങ്ങൾ പറഞ്ഞു: ഹൃദയംകൊണ്ട് സത്യപ്പെടുത്തുക യും നാവുകൊണ്ട് സ്ഥിരീകരിക്കുകയും മുഴുവൻ നിർബന്ധ കർമ്മങ്ങൾ നിർവ്വഹിക്കുകയും മുഴുവൻ വൻപാപങ്ങൾ കൈ വെടിയുകയും ചെയ്തവർ മാത്രമേ 'ഈമാൻ' അവകാശപ്പെ ടുകയുള്ളു. ഒരാൾ ഒരു വൻപാപം ചെയ്താൽ അയാൾ ഒരിക്കലും 'മുഅ്മിൻ' എന്നു വിളിക്കപ്പെടാവതല്ല. 'മുഅ്മിൻ' എന്ന് വൻപാപിയെ വിളിക്കാവതല്ല എന്നതിൽ ഖവാരിജുകളും മുഅ്തസിലുകളും ഏകോപിച്ചിട്ടുണ്ട്. എന്നാൽ പാപിയെ 'കാഫിർ' എന്ന് വിളിക്കാമോ എന്നതിൽ അവർക്കിടയിൽ അഭി പ്രായ വ്യത്യാസവുമുണ്ട്.

വൻപാപി വധശിക്ഷ അർഹിക്കുന്ന 'കാഫിർ' ആണ് എന്നാണ് ഖവാരിജുകൾ പറയുന്നത്. എന്നാൽ മുഅ്തസില ത്ത് പറയുന്നത് വൻപാപി 'ഈമാനിൽനിന്ന് പുറത്താണ് ' അവൻ കുഫ്റിൽ പ്രവേശിച്ചിട്ടില്ല. അവൻ ഈമാനിനും കു ഫ്റിനുമിടയിൽ ഒരു സ്ഥാനത്താണ്.

അഹ്ലുസുന്നഃ മദ്ധ്യമ നിലപാട് പുലർത്തി. മുസ്‌ലിമായ മനുഷ്യൻ തെറ്റുകുറ്റങ്ങൾ ചെയ്യുന്നവനാണെങ്കിലും 'ഈമാ

ൻ' 'ഇസ്ലാം' എന്നീ വൃത്തങ്ങളിൽനിന്നും അവൻ തീർത്തും പുറത്തുപോകുന്നില്ല. വൻപാപി, അവൻ ചെയ്യുന്ന തെറ്റിനനുസ്സരിച്ച് 'ഈമാൻ' കുറഞ്ഞവനാണ്. ചെയ്തുപോയ തെറ്റിന്റെ തോതിനനുസരിച്ച് അവനിൽ ഈമാനിന്റെ കുറവുണ്ട്. അഹ്ലുസുന്നഃ, ഖവാരിജുകളേപ്പോലെയും മുഅ്തസിലുകളെപ്പോലെയും അടിസ്ഥാനപരമായി അവനിൽനിന്ന് ഈമാൻ നിരാകരിക്കുന്നില്ല. സമ്പൂർണമായി അവനെ ഇസ്ലാമിൽനിന്ന് പുറത്ത് നിർത്തുന്നുമില്ല. ഖവാരിജുകളും മുഅ്തസിലുകളും എല്ലാ പാപങ്ങൾക്കും കുഫ്റ് ആരോപിക്കുന്നു. ഒരു തെറ്റ് ചെയ്തവനെ ഇസ്ലാമിൽനിന്ന് പുറത്തുനിർത്തുന്നു. നരകത്തിൽ നിത്യവാസിയുമാക്കുന്നു. അല്ലാഹുവേ നിന്റെ കാവൽ...

ജഹ്മികളും മുർജിആക്കളും ചെയ്തതുപോലെ പാപിയെ സമ്പൂർണ വിശ്വാസിയായി അവതരിപ്പിക്കുകയോ, പാപം പെരുപ്പിക്കൽ അനുവദിക്കുകയോ, എത്ര തെറ്റും അവന് ഒരു ഉപദ്രവവും വരുത്തുകയില്ല എന്ന് വിശ്വസിക്കുകയോ ചെയ്യുന്നവരല്ല അഹ്ലു സുന്നഃ. കാരണം, ശരിയായ സലഫീ ആദർശമുള്ള മുസ്ലിമിനെ തന്റെ പാപങ്ങൾ ഈമാനിൽനിന്ന് പുറത്താക്കുന്നില്ല. എന്നാൽ അവന് അതിനാൽ ഉപദ്രവങ്ങളുണ്ടുതാനും. തന്റെ പാപങ്ങൾ അവനിൽ കുന്നുകൂടി അവനെ നശിപ്പിക്കും. അവൻ നരകത്തിൽ നിത്യവാസിയായില്ലെങ്കിലും അവൻ നരകപ്രവേശനത്തിന് അർഹനാകും. തന്റെ തെറ്റിനനുസരിച്ച് അവൻ ശിക്ഷക്കിരയാവുകയും ചെയ്യും.

സലഫികൾ ഇപ്രകാരം പാപികളായ മുസ്ലിംകളുടെ വിഷയത്തിൽ മദ്ധ്യമ നിലപാട് വെച്ചുപുലർത്തി.

## മൂന്ന്: സ്വഹാബികളുടെ വിഷയത്തിൽ അഹ്ലു സുന്നഃയുടെ മധ്യമ നിലപാട്

സ്വഹാബികളെ മുഖവിലക്കെടുക്കുന്ന വിഷയത്തിൽ രണ്ട് കക്ഷികൾ വ്യതിചലിച്ചു. ഒരുവിഭാഗം വീഴ്ചവരുത്തിയപ്പോൾ മറുവിഭാഗം തീവ്രവരായി. എന്നാൽ അഹ്ലുസുന്നഃ മദ്ധ്യമ നിലപാട് സ്വീകരിച്ചു. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ رحمه الله പറഞ്ഞു: "സ്വഹാബികളുടെ വിഷയത്തിൽ അഹ്ലു സുന്നഃ, റവാഫിദ്വുകളുടേയും ഖവാരിജുകളുടേയും മദ്ധ്യേയാണ്."(അൽഅകീദത്തുൽ വാസിത്വിയ്യഃ) ഈ മദ്ധ്യമനിലപാട് പ്രത്യേകിച്ച് അലി رضي الله عنه വിന്റേയും അലി കുടുംബത്തിന്റേയും വിഷയത്തിലാണ്.

- ഒരു വിഭാഗം സ്വഹാബികളെ കാഫിറുകളാക്കുന്നു. സ്വഹാബികൾ ഇസ്ലാമിൽനിന്ന് പുറത്തുപോയി എന്ന് ഈ വിഭാഗം വ്യാജം ജൽപ്പിക്കുന്നതിനാൽ അവരെ ശപിക്കലും ഇവർ അനുവദനിയമായി കാണുന്നു. ഈ വിഭാഗത്തിന് 'നവാസ്വിബുകൾ' എന്നാണ് പറയപ്പെടുന്നത്. കാരണം ഇവർ സ്വഹാബത്തിനോട് ശത്രുത സ്ഥാപിച്ചവരാണ്. ഇവർക്ക് 'ഖവാരിജുകൾ' എന്നും പറയും.
- മറുവിഭാഗം അലി കുടുംബത്തിൽ അതിരുവിട്ടവരാണ്. അലി رضي الله عنه യെ ആരാധ്യനായും, റസൂലായും, രിസാലത്തിന് മുഹമ്മദ് ﷺ നേക്കാൾ കൂടുതൽ അർഹൻ അദ്ദേഹമാണ് എന്നൊക്കെ വിശ്വസിക്കുന്നു. അവർ അല്ലാഹുവോടൊപ്പം അലി رضي الله عنه യേയും അലിയുടെ മക്കളേയും തുടർ സന്തതികളേയും ആരാധിക്കുന്നു. ഈ കക്ഷിയാണ് 'റാഫദ്വി'കൾ.

അവരാണ് ഞങ്ങൾ 'ശീഅത്തു അലി' അഥവാ അലി ﵁ യുടെ സഹായികൾ എന്ന് സ്വയം പേരുവിളിച്ചവർ. ഈ നാമകരണത്തിൽ ഇവർ കള്ളവാദികളാണ്. അവർ ഒരിക്കലും അലി ﵁ യുടെ കക്ഷിക്കാർ അല്ല പ്രത്യുത അവർ അലി ﵁ യാരുടെ ശത്രുക്കളാണ്; അദ്ദേഹത്തിന്റെ ആദർശത്തിന്റേയും ചര്യയുടെയും.

എന്നാൽ അഹ്ലുസുന്നഃ മിതവാദികളായി. അവർ പറഞ്ഞു: നിശ്ചയം, അലി ﵁ വിനും സന്താനങ്ങൾക്കും വിലായത്ത്, സ്വുഹ്ബത്ത്, ഇസ്ലാം, ഇസ്ലാമിൽ മുൻകടന്നവർ, നബി ﷺ യോടുള്ള കുടുംബ ബന്ധം, വിവാഹബന്ധം എന്നീ സ്ഥാനമാനങ്ങൾ ഉണ്ട്. പക്ഷെ അലി ﵁ വിന് മുമ്പ് വന്ന ഖുലഫാക്കളേക്കാൾ നാം അവർക്ക് ശ്രേഷ്ഠത കൽപ്പിക്കില്ല. നാം അവരിൽ തീവ്രരാകുകയോ അവർക്കില്ലാത്ത വിഷയങ്ങൾ പറഞ്ഞ് അവരെ 'മദ്ഹ് ' ചെയ്യുകയോ ഇല്ല. അവർക്ക് ശറഫും അടുത്ത ബന്ധുക്കൾ എന്ന സ്ഥാനവും ഉണ്ട്. എന്നാൽ അദൃശ്യമറിയുക, പ്രപഞ്ചം നിയന്ത്രിക്കുക തുടങ്ങിയ അവർ അർഹിക്കാത്ത വർണ്ണനകൾക്ക് അവർ യോഗ്യരാകുന്നില്ല. അതെല്ലാം അല്ലാഹു ﷻ യുടെ മാത്രം അവകാശങ്ങളാണ്. അതിൽനിന്ന് യാതൊന്നും നാം അവർക്ക് നൽകില്ല. അപ്രകാരം അല്ലാഹുവിന്റെ റസൂൽ ﷺ യുടെ അവകാശങ്ങളും. അലി ﵁ യുടെ വിഷയത്തിൽ അതിരുവിട്ട് അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങൾക്ക് അപ്പുറത്തേക്ക് നാം അദ്ദേഹത്തെ ഉയർത്തില്ല. കാരണം, അഹ്ലുസുന്നഃ അല്ലാഹു ﷻ യുടെ ഔദാര്യത്താൽ അദ്ദേഹം അർഹിക്കുന്ന വർണന അദ്ദേഹത്തിന് നൽകുന്നു. അദ്ദേഹ

ത്തയോ സ്വഹാബികളിൽ ഒരാളേയുമോ ചീത്തവിളിക്കുകയോ ശകാരിക്കുകയോ ചെയ്യുന്നുമില്ല. എല്ലാ സ്വഹാബിമാരേയും അല്ലാഹു തൃപ്തിപ്പെട്ട് അനുഗ്രഹിക്കുമാറാകട്ടെ.............

'റാഫിദ്വികൾ' അലി ﵁ വിനെ 'ഇലാഹ്' ആക്കി. അവരിൽ ചിലർ സാക്ഷ്യവചനമായി ഇപ്രകാരം പറഞ്ഞു: 'അശ്ഹദു അൻ ലാ ഇലാഹ ഇല്ലാ ഹയ്ദറുൽ അൻസഉൽ ബത്വീഅ്" (ആരാധ്യനായി അലി അല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു). അലി ﵁ വിന് ഏൽപ്പിക്കേണ്ട രിസാലത്തിൽ ജിബ്രീൽ ﵇ ചതിനടത്തി അലി ﵁ ക്ക് നൽകേണ്ടതിന് പകരം റസൂലി ﷺ ന്ന് മാറ്റി നൽകുകയാണ് ചെയ്തത് എന്നും അലി റസൂലാണെന്നും അലിയാണ് ഖിലാഫത്തിന് ഏറ്റവും അർഹൻ എന്നും  അവർ വാദിക്കുന്നു. ഇത്തരം വാദങ്ങൾ നടത്തുന്ന റാഫിദ്വികളെപ്പോലെ അഹ്ലുസുന്നഃ തീവ്രവാദികളാകുകയോ അധികരിപ്പിക്കുകയോ ചെയ്തിട്ടില്ല.

എന്നാൽ ഖവാരിജുകളും നവാസ്വിബുകളും ഭൂരിപക്ഷ സ്വഹാബികളേയും ചീത്തവിളിക്കുകയും അവർ ഇസ്ലാമിൽ നിന്ന് പുറത്താണ് എന്ന് പറയുകയും അതോടെ അവർ സ്വഹാബികൾക്ക് നൽകുവാനുള്ള അവകാശങ്ങളിൽ അക്ഷന്തവ്യമായ വീഴ്ച വരുത്തുകയും ചെയ്തു.

## നാല്: ഔലിയാക്കളുടെ വിഷയത്തിൽ അഹ്‌ലു സുന്നഃയുടെ മദ്ധ്യമ നിലപാട്

ഔലിയാക്കളുടെ വിഷയത്തിലും വഴിതെറ്റിയ രണ്ട് കക്ഷികളുണ്ട്. ഒരു വിഭാഗം അതിരുവിടുകയും മറ്റേത് വീഴ്ചവരുത്തുകയും ചെയ്തു.

ഔലിയാക്കളെ ആരാധിക്കുന്നവരാണ് ഒന്നാമത്തെ വിഭാഗം. അല്ലാഹു ﷻ യുടെ മഹബ്ബത്തിന് കാരണമായേക്കാവുന്ന കർമ്മങ്ങൾ അനുഷ്ഠിച്ച് അല്ലാഹു ﷻ യുടെ സാമീപ്യം നേടിയവനാണ് വലിയ്യ്. അയാളുടെ കൈകളിലൂടേയും നാവിലുടേയും മറ്റാരുടേയും കൈകളിലൂടേയും നാവിലൂടേയും സംഭവിക്കാത്ത അസാധാരണത്വങ്ങൾ അല്ലാഹു ﷻ സംഭവപ്പിക്കുന്നു. പക്ഷേ, ഔലിയാക്കളെ ആരാധിക്കുന്നവർ പറയുന്നു: ഇത്തരം 'വലിയ്യുമാർ' നാം വിശുദ്ധരാക്കുവാൻ അർഹരാണ്. അങ്ങനെ വലിയ്യിന്റെ ജീവിതകാലത്തുതന്നെ അയാളുടെ വിഷയത്തിൽ തീവ്രരായ ഇവർ അയാളുടെ വസ്ത്രവും ശരീരവും തടവുന്നു. അയാൾ സ്പർശിച്ച വെള്ളവും മറ്റുമെടുത്ത് ബർക്കത്തെടുക്കുന്നു. വലിയ്യ് മരണപ്പെട്ടാലോ അവർ അയാളുടെ ക്വബ്റിനടുത്ത് ഭജനമിരിക്കുന്നു. ക്വബ്ർ തടവുന്നു. അതിനടുത്ത് നമസ്കരിക്കുകയും ചെയ്യുന്നു. ഈ വലിയ്യിന്റെ ക്വബ്റിനടുത്ത് നമസ്കരിച്ചാൽ അതിന് മഹത്വമുണ്ടെന്നും, പാപങ്ങൾ പൊറുക്കുവാനും നന്മകൾ പെരുകുവാനും അയാൾ ശുപാർശ ചെയ്യുമെന്നും വിശ്വസിക്കുന്നു. മാത്രമല്ല അല്ലാഹു ﷻ ക്ക് മാത്രം നിർവ്വഹിക്കേണ്ട കർമ്മങ്ങൾ ക്വബ്റിൽ കിടക്കുന്നയാൾക്കുവേണ്ടി അവർ ചെയ്യുന്നു. ഇവർ തീർ

ത്തും തീവ്രവരായി. അവർക്കുള്ള അതിർവരമ്പുകളെ മുറിച്ചു കടന്നു.

രണ്ടാമത്തെ വിഭാഗം, അല്ലാഹു ﷻ യുടെ സദ്‌വൃദ്ധരായ ദാസന്മാർക്ക് യാതൊരു മഹത്വവും തൂക്കവും നൽകാത്തവരാണ്. അവർ അവരെ ഇഷ്ടപ്പെടുന്നില്ല. അവരുടെ പാതയിൽ ചലിക്കുന്നുമില്ല. മഹത്തുക്കളെ അവർ നിന്ദിക്കുന്നു. സൽപ്രവൃത്തി ചെയ്യുന്നവരെ ആ പ്രവൃത്തിയുടെ പേരിൽ ഇവർ പിന്തിരിപ്പന്മാരാണ്, തീവ്രവാദികളാണ്, ഷണ്ഡന്മാരാണ്, ഉറക്കം തൂങ്ങികളാണ്, തുടങ്ങിയ വിശേഷണങ്ങൾ നൽകി അവർ അവരെ നിസ്സാരപ്പെടുത്തുന്നു.

എന്നാൽ അഹ്‌ലുസുന്നഃ ഔലിയാക്കളുടേയും സ്വാലിഹീങ്ങളുടേയും മുത്തകീങ്ങളുടേയും വിഷയത്തിൽ മിതത്വം പുലർത്തി. അവരെ സ്നേഹിച്ചു. എന്നാൽ, പ്രസ്തുത സ്നേഹം അവർ നിന്ന സ്ഥലത്തെ മണ്ണുതടവി ബർക്കത്തെടുക്കുവാനോ, അല്ലാഹു ﷻ യോടൊപ്പം അവർക്കും ബലി നൽകി അല്ലാഹു ﷻ ക്ക് മാത്രം നൽകേണ്ട അവകാശങ്ങൾ അവരിലേക്ക് തിരിച്ചുവിടുവാനോ എത്തിയില്ല. പ്രത്യുത അവരോടുള്ള സ്നേഹം, അവരുടെ ചര്യകൾ അന്വേഷിച്ചു പഠിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും നാം അവരെപ്പോലെ ജീവിക്കുന്നതിനും വേണ്ടിയാണ്. അവരുടെ രാത്രിയിലുള്ള തഹജ്ജുദ് നമസ്കാരം, കൂടുതലായുള്ള ക്വുർആൻ പാരായണം, അതിഭക്തി എന്നീ കാര്യങ്ങൾ നമ്മൾ കേട്ടാൽ നാമും അവ വർദ്ധിപ്പിക്കും. നാം അവരെപ്പോലെ അമലുകൾ ചെയ്യുന്നതിനും അവർ കർമ്മങ്ങൾ നന്നാക്കിയതുപോലെ നമ്മളും കർമ്മങ്ങൾ നന്നാക്കുന്നതിനും വേണ്ടിയാണ് അവരോടുള്ള

മഹബ്ബത്ത് വെച്ചുപുലർത്തുന്നത്. അവർ ഔലിയാക്കളാകട്ടെ, സാദാത്തുകളാകട്ടെ, സ്വാലിഹീങ്ങളും ശ്രേഷ്ഠരുമാകട്ടെ എല്ലാവരേയും നാം സ്നേഹിക്കുന്നു. അവരെ സ്നേഹിക്കുന്നതിലൂടെ നാം അവരെ പിൻപറ്റുന്നു. ഇപ്രകാരം നാം വർത്തിച്ചാൽ നമ്മൾ മദ്ധ്യമ നിലപാടുകാരായി.

ഇപ്രകാരമാണ് ദീനുൽ ഇസ്‌ലാം കടന്നുവന്നത്. എന്നാൽ ഔലിയാക്കളുടേയും സ്വാലിഹീങ്ങളുടേയും വിഷയത്തിൽ കാടുകയറിയവർ ശിർക്കിൽ ചെന്നുവീഴുകയുണ്ടായി. കാരണം, അവർ അല്ലാഹു ﷻ വിന് മാത്രം അർഹിക്കുന്ന കാര്യങ്ങൾ ഔലിയാക്കൾക്ക് നല്കിക്കൊണ്ട് അവരെ ആദരിച്ചു. ഇത്തരം ആദരവുകൾ ആരാധനയാണല്ലോ? ആരാധനയാകട്ടെ അല്ലാഹു ﷻ ക്ക് മാത്രമുള്ളതാണ്. ക്വബ്റുകൾക്കരികിൽ ഇത്തരക്കാർ വിനായാന്വിതരും ഭക്തിപുരസ്സരുമാകുന്നു. ക്വബ്റുകൾ തടവുകയും ക്വബ്റുകളെ ത്വവാഫു ചെയ്യുകയും അവിടെ ഭവ്യതയോടെ നിൽക്കുകയും ചെയ്യുന്നു. ഈ ആദരവുതന്നെയാണ് അവിടെയുള്ള ഇബാദത്ത്.

ഇത്തരം ആളുകൾ തീവ്രതയിൽ ചെന്നുചാടുകയും ഔലിയാക്കളേയും സ്വാലിഹീങ്ങളേയും അല്ലാഹു ﷻ യിൽ പങ്കാളികളാക്കുകയും ചെയ്തു. പങ്കുചേർക്കപ്പെട്ട ഈ സദ്വൃത്തരാകട്ടേ തങ്ങൾ പങ്കുചേർക്കപ്പെട്ടതിൽ തീർത്തും അതൃപ്തരാകുന്നു. ഉദാഹരണത്തിന് ഈസാ عليه السلام. അല്ലാഹു ﷻ വോടൊപ്പം അദ്ദേഹത്തെ പങ്കുചേർത്തവരിൽനിന്ന് നിരുത്തരവാദിയാകുന്നു അദ്ദേഹം. ഇതുപോലെതന്നെയാണ് എല്ലാ സദ്വൃത്തരും. അല്ലാഹു ﷻ വോടൊപ്പം തങ്ങളെ പങ്കുചേർത്ത

വരിൽനിന്ന് അന്ത്യനാളിൽ അവർ ഒഴിഞ്ഞുമാറും. അവർ പറയും: 'നിങ്ങളുടെ പ്രവൃത്തികളിൽനിന്ന് ഞങ്ങൾ നിരപരാധികളാണ്. അന്ത്യനാളിൽ മലക്കുകൾ പറയുന്നതായി അല്ലാഹു ﷻ പറയുന്നു:

﴿ وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَـٰٓئِكَةِ أَهَـٰٓؤُلَآءِ إِيَّاكُمْ كَانُوا۟ يَعْبُدُونَ ﴿٤٠﴾ قَالُوا۟ سُبْحَـٰنَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا۟ يَعْبُدُونَ ٱلْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴾

﴿അവരെ മുഴുവൻ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു.) എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഈ കൂട്ടർ ആരാധിച്ചിരുന്നത് ? അവർ പറയും: നീ എത്ര പരിശുദ്ധൻ! നിയാണ് ഞങ്ങളുടെ രക്ഷാധികാരി. അവരല്ല. എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്. അവരിൽ അധികപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ.﴾ *വി. ക്യു.* (34: 40,41)

മലക്കുകളെ ആരാധിച്ചിരുന്നവരോട് പറയപ്പെടുന്നത് മലക്കുകൾ അവരിൽനിന്ന് പ്രസ്തുത ആരാധന തൃപ്തിപ്പെട്ടിരുന്നില്ല എന്നാണ്. ഈ ആളുകൾ മലക്കുകൾക്ക് നല്കിയിരുന്ന ആരാധന കേവലം ആദരവുമാത്രമാണെന്ന് പിശാചുക്കൾ അവർക്ക് തോന്നിപ്പിക്കുകയും തങ്ങളുടെ ഈ വിശ്വാസത്തെ ഭംഗിയാക്കുകയുമാണ് ചെയ്തത്. അമ്പിയാ മുർസലീങ്ങളും ഔലിയാക്കളും സ്വാലിഹീങ്ങളുമൊക്കെ തങ്ങൾ പങ്ക്

ചേർക്കപ്പെടുന്നതിൽനിന്ന് നിരുത്തരവാദികളാണ് എന്നതാണ് ഇത് അർത്ഥമാക്കുന്നത്.

മൊത്തത്തിൽ സലഫീ ആദർശശാലികളായ മുസ്‌ലിംകൾ ഔലിയാക്കളുടെ വിഷയത്തിൽ മദ്ധ്യമ നിലപാടുകാരാണ്. സഹൃദയം അവർ ഔലിയാക്കളെ സ്നേഹിക്കുന്നു. അവരോടുള്ള സ്നേഹം അവരുടെ ചരിത്രങ്ങൾ പഠിക്കുവാനും അത് രേഖപ്പെടുത്തുവാനും അവർ ചെയ്തിരുന്ന കർമ്മങ്ങളെ നിരീക്ഷിക്കുവാനും സലഫികളെ പ്രേരിപ്പിച്ചു. നിഷിദ്ധങ്ങളിൽ വിരക്തരായി അവയിൽനിന്ന് അകന്നു ജീവിച്ചതിനാലും ഹലാലുകൾക്ക് കീഴ്പ്പെടുകയും അല്ലാഹു ﷻ വിലേക്ക് വിവിധങ്ങളായ കർമ്മങ്ങളിലൂടെ അടുക്കുകയും ചെയ്തതിനാലാണ് സ്വാലിഹീങ്ങൾ സ്വാലിഹീങ്ങളായത്. അവർക്ക് നന്മ ലഭിക്കുവാൻ കാരണമായത് ഇതിനാലാണ്. എന്ത്കൊണ്ട് നമുക്കും അവരെപ്പോലെ പ്രവർത്തിച്ചുകൂടാ? ഇതാണ് സലഫികളുടെ ചോദ്യം. അവർ നന്മകൾ പ്രവർത്തിച്ചതുപോലെ നാമും നന്മ പ്രവർത്തിക്കുക. അങ്ങിനെ അവർ ഔലിയാക്കൾ ആയതുപോലെ  നമുക്കും അല്ലാഹു ﷻ യുടെ ഔലിയാക്കൾ ആകാം. ഔലിയാക്കളെ അല്ലാഹു ﷻ ഇഷ്ടപെടുകയും അവർക്ക് തൗഫീക്വ് പ്രദാനം ചെയ്യുകയും അവരെ സഹായിക്കുകയും ചെയ്യും. അല്ലാഹു ﷻ അവരെ സ്നേഹിക്കുവാൻ കാരണമായ പ്രവൃത്തികൾ നാമും പ്രവർത്തിക്കുക അപ്പോൾ അവരെ അവൻ സ്നേഹിച്ചതുപോലെ നമ്മേയും സ്നേഹിക്കും. അവരെ സഹായിച്ചതുപോലെ നമ്മേയും സഹായിക്കും. അവർക്ക് ഹിദായത്ത് ഏകിയതുപോലെ നമുക്കും ഹിദായത്ത് ഏകും.

# കർമ്മങ്ങളിൽ ഇബാദാത്തുകളിൽ ഇസ്‌ലാമിന്റെ മദ്ധ്യമ സമീപനം

ഇസ്‌ലാമിൽ കർമ്മങ്ങൾ ചൊവ്വായ രീതിയിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പിശാച് ചില മനുഷ്യരിൽ കടന്നുകൂടി അവരെ രണ്ടുതരക്കാരാക്കി. ഒരു വിഭാഗത്തിൽ തീവ്രതയും വർധനവും മറ്റൊരു വിഭാഗത്തിൽ ജീർണതയും കുറവും പിശാച് കടത്തികൂട്ടി. എല്ലാം പിശാചിൽ നിന്നുള്ള ദുർമന്ത്രണവും വസ്‌വാസുമാണ്; അവതരിച്ച യഥാർത്ഥ രീതിയിൽ ആളുകൾ അവ പ്രയോഗവല്ക്കരിക്കാതിരിക്കുവാൻ വേണ്ടി.

## ഒന്ന്: ത്വഹാറത്ത് (ശുദ്ധി).

'ത്വഹാറത്ത് ' മതപരമായ ഒരു ഇബാദത്താണ്. ശുദ്ധിയാകണം എന്ന് അല്ലാഹു ﷻ തന്റെ വിശ്വാസികളായ ദാസന്മാരോട് കൽപ്പിച്ചു. പ്രസ്തുത കൽപന തീർത്തും മിതത്വമാണ്. എന്നാൽ രണ്ടുവിഭാഗങ്ങൾ ശുദ്ധിയുടെ വിഷയത്തിൽ രംഗപ്രവേശം ചെയ്തു. ഒരു വിഭാഗം തീവ്രരായി. മറ്റൊരു വിഭാഗം ചുരുക്കി. തീവ്രരായവർ ശുദ്ധിയുടെ വിഷയത്തിൽ ഇല്ലാത്തവ അതിലേക്ക് ചേർക്കുകയും വിഷയം കർക്കശമാക്കുകയും ചെയ്തു. ശുദ്ധി, കുളി, വുദ്വുഅ് തുടങ്ങിയ വിഷയങ്ങളിൽ പ്രവാചകൻ ﷺ യിൽനിന്നും സ്വഹാബത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടതിൽ അവർ വിരക്തരാകുകയും അത് തങ്ങളെ

ശുദ്ധിയാക്കുവാൻ പര്യാപ്തമല്ലെന്ന നിലയിൽ അവർ പലതും വർദ്ധിപ്പിച്ച് അവർ അതിരുവിടുകയും ചെയ്തു.

എന്നാൽ ചുരുക്കിയവർ തങ്ങൾ കൽപ്പിക്കപെട്ടതിൽ അലസരായി. വുദ്വൂഅ് പൂർണമായി ചെയ്യുകയോ സുന്നത്തിൽ സ്ഥിരപ്പെട്ട ശരിയായ രീതിയിൽ അവർ അത് എത്തിക്കുകയോ ചെയ്തില്ല.

ഇസ്‌ലാം മദ്ധ്യമനിലപാടാണ് കൊണ്ടുവന്നത്. ശുദ്ധിയിൽ അധികരിപ്പിക്കുവാനോ കുറക്കുവാനോ പാടില്ല. അധികരിപ്പിച്ചും കുറച്ചും രംഗപ്രവേശം ചെയ്ത രണ്ട് കക്ഷികളും വ്യതിചലിച്ചവരാണ്. അധികരിപ്പിച്ചവർ ഒരു സ്വാഅ്, രണ്ട് സ്വാഅ് വെള്ളം കൊണ്ട് അഞ്ച് തവണ അല്ലെങ്കിൽ പത്തുതവണ അവയവങ്ങൾ കഴുകും. എന്നിട്ടും താൻ ശുദ്ധിയായില്ല എന്ന തോന്നലാണ് അയാൾക്ക്. ഒരു വുദ്വൂഅ് ചെയ്യാൻ ദീർഘ സമയമെടുക്കുന്നവരെകുറിച്ചും അറിയാൻ സാധിച്ചിട്ടുണ്ട്.

കുറവു വരുത്തിയവരാകട്ടെ, വുദ്വൂഅ് ചെയ്യുമ്പോൾ അത് പൂർണമാക്കില്ല. ചിലപ്പോൾ വെള്ളം തന്നെ വുദ്വുഇന്റെ സ്ഥലങ്ങളിൽ എത്തില്ല. ഇത് അവരിൽനിന്നുള്ള വീഴ്ചയാണ്. കാരണം, വുദ്വൂഅ് ഇബാദത്താണ്. സുന്നത്തിൽ കൽപ്പിച്ച പ്രകാരം അത് നിർവ്വഹിക്കൽ നമ്മുടെമേൽ ബാധ്യതയാണ്. അതിൽ കുറവ് വരുത്തുവാൻ പടില്ല.

ഏറ്റകുറച്ചിലുണ്ടാക്കൽ പൈശാചിക വസ്‌വാസുകളിൽ പെട്ടതാണെന്നതിൽ സംശയമില്ല. പിശാച് ഇത്തരം വസ്‌വാസുകൾ ഉണ്ടാക്കുന്നത് ദാസന്മാർക്ക് ഇബാദാത്തുകളിൽ മടുപ്പ് ഉണ്ടാക്കുവാൻ വേണ്ടിയാണ്. കാരണം, തീവ്രമായ ഈ ശുദ്ധീകരണ രീതി ഒരാൾ ഒരു കൊല്ലം അല്ലെങ്കിൽ രണ്ടു

കൊല്ലം തുടർത്തിയാൽ അയാൾ മടുക്കുകയും അലസനാകുകയും ചെയ്യും. ഇബാദത്തുകൾ അയാൾക്ക് ഭാരിച്ചതാകും. ചിലപ്പോൾ ശുദ്ധി ഭാരമുള്ളതായതിനാൽ നമസ്കാരം തന്നെ ഉപേക്ഷിച്ചെന്നുവരും. ചിലർ എന്നോട് പറയുകയുണ്ടായി: ഒരാൾ വുദുഅ് ചെയ്യുവാൻ രണ്ട് മണിക്കൂർ സമയമെടുക്കും. പിന്നീട് അയാൾ പറയുവാൻ തുടങ്ങി: എങ്ങിനെയാണ് ഞാൻ അഞ്ച് നിർബന്ധ നമസ്കാരങ്ങൾ ചെയ്തു തീർക്കുക. അങ്ങിനെ അയാൾ ഒരു വുദ്വൂഅ് കൊണ്ട് അഞ്ച് നമസ്കാരങ്ങളും നമസ്കരിച്ച് തീർക്കുവാൻ തുടങ്ങി. ഇശാഇന്റെ സമയം പ്രവേശിച്ചാൽ വുദ്വൂഅ് ചെയ്ത് എല്ലാ നമസ്കാരങ്ങളും ഒന്നിച്ച് ചെയ്തുതീർക്കും. അതോടെ നമസ്കാരം സമയം തെറ്റിക്കുക എന്ന വീഴ്ചകൂടി ചെയ്തവനായി അയാൾ. ഏകദേശം അഞ്ച് മിനിറ്റ് സമയമെടുക്കുന്ന ഒരു ശുദ്ധി കർമ്മം ശൈത്വാൻ അയാൾക്ക് ഭാരിച്ചതാക്കി. നമസ്കാരം തന്നെ പാഴാക്കുന്ന രീതിയിൽ പിശാച് അത് ഭാരമാക്കി തീർത്തു.

ചിലപ്പോൾ പിശാച് മനുഷ്യന് അവൻ നമസ്കാരത്തിലായിരിക്കെ തന്റെ വുദ്വൂഅ് നഷ്ടമായിരിക്കുന്നു അല്ലെങ്കിൽ തന്റെ വസ്ത്രത്തിലോ ശരീരത്തിലോ നജസുണ്ട് എന്നിങ്ങനെ വസ്വാസുണ്ടാക്കും. തനിക്ക് നമസ്കാരം നഷ്ടമായെന്ന് തോന്നുന്നതുവരെ ഈ പ്രവണത പിശാച് തുടർത്തും. നമസ്കാരം ഭാരമായി തോന്നുവാനും മടുപ്പുണ്ടാക്കുവാനുമാണ് പിശാച് ഇത് ചെയ്യുന്നത്. ധാരാളം ആളുകൾ ഇത്തരം വസ്വാസുകൾ കാരണത്താൽ ശുദ്ധിയാക്കൽ അവർക്ക് ഭാരമായി. അതിനെ തുടർന്ന് നമസ്കാരവും ഭാരമായി. ഫലമോ

അവർ നമസ്കാരത്തെ തന്നെ ഉപേക്ഷിച്ചു. പ്രയാസമാണ് എന്നതിനാലാണ് അവർ നമസ്കാരം ഉപേക്ഷിച്ചത്. അവർ ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലേക്കും അല്ലാഹു ﷻ വിന്റെ ശരീഅത്തിലേക്കും മടങ്ങിയിരുന്നുവെങ്കിൽ ഇത്തരം പ്രയാസങ്ങൾ ദീനിൽ പെട്ടതല്ലെന്ന് മനസ്സിലാക്കുമായിരുന്നു. ഇസ്‌ലാം എളുപ്പവും വിട്ടുവീഴ്ചയും സരളവുമാണ്. ക്ലേശങ്ങളും പ്രയാസങ്ങളും ഇസ്‌ലാം കൊണ്ടുവന്നിട്ടില്ല. ഇസ്‌ലാം കൊണ്ടുവരാത്ത പ്രയാസങ്ങളും ക്ലേശങ്ങളും കൊണ്ടുവന്നവരാണ് ഇത്തരം ആളുകൾ.

എന്നാൽ വീഴ്ചവരുത്തിയവരുടെ വീഴ്ചയുടെ കാരണവും പൈശാചിക വസ്‌വാസുകൾ തന്നെ. പിശാച് ഇത്തരം പ്രവണതകളുമായി നടക്കുന്നത് ആളുകളുടെ അമലുകൾ ബാത്വിലാക്കുന്നതിനുവേണ്ടിയാണ്. വുദ്വൂഅ് ചെയ്യുമ്പോൾ മുഖം കഴുകിയാൽ മുഖത്ത് എല്ലായിടത്തും വെള്ളം എത്തുകയില്ല. കൈയും കാലും കഴുകിയാൽ വെള്ളം ചേർത്ത് ഉരച്ച് കഴുകാതെ ഒന്നുതടവുക മാത്രം ചെയ്യും. ധാരാളം സ്ഥലങ്ങളിൽ വെള്ളം ചേരാതെ കിടക്കും. എന്നാൽ ദീൻ ഇത്തരം ആളുകളുടെ ചെയ്തികളെ ഗുണദോഷിച്ചിട്ടുണ്ട്.

വുദ്വൂഇന്റെ അവയവങ്ങളിൽ ശരിയാംവിധം വെള്ളം എത്തിച്ച് സമ്പൂർണമായി വുദ്വൂഅ് ചെയ്യൽ സ്വർഗ്ഗീയ പദവികളെ ഉയർത്തുകയും പാപങ്ങൾ മായിക്കുകയും ചെയ്യുന്നതായിട്ടാണ് പ്രവാചകൻ ﷺ എണ്ണിയത്. അദ്ദേഹം പറഞ്ഞു:

أَلَا أَدُلُّكُمْ عَلَى مَا يَمْحُو اللَّهُ بِهِ الْخَطَايَا وَيَرْفَعُ بِهِ الدَّرَجَاتِ قَالُوا: بَلَى يَا رَسُولَ اللَّهِ قَالَ: إِسْبَاغُ الْوُضُوءِ عَلَى الْمَكَارِهِ. وَكَثْرَةُ الْخُطَا إِلَى الْمَسَاجِدِ وَانْتِظَارُ الصَّلَاةِ بَعْدَ الصَّلَاةِ فَذَلِكُمْ الرِّبَاطُ

«അല്ലാഹു പാപങ്ങൾ മായിക്കുകയും പദവികളെ ഉയർത്തുകയും ചെയ്യുന്ന കാര്യങ്ങളെ ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടയോ. അവർ പറഞ്ഞു: അതെ. അദ്ദേഹം പറഞ്ഞു: ക്ലേശകരമായ അവസ്ഥയിൽ വുദൂഅ് സമ്പൂർണമായി ചെയ്യലും പള്ളികളിലേക്ക് ധാരാളമായുള്ള കാൽവെപ്പുകളും ഒരു നമസ്കാരത്തിനുശേഷം മറ്റൊരു നമസ്കാരത്തെ കാത്തിരിക്കലും; അതത്രെ രിബാത്വ്.» [1] (മുസ്‌ലിം)

---

[1] *അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അതിർത്തി സംരക്ഷണത്തിന് കാവലായി നിൽക്കുന്നതിനാണ് രിബാത്വ് എന്ന് പറയുന്നത്. വലിയ പുണ്യകർമ്മമാണ് രിബാത്വ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:*

«رِباطُ يومٍ في سبيل الله خيرٌ منَ الدُّنيا وما عليها. ومَوضعُ سَوطِ أحـــدِكم من الجنةِ خيرٌ منَ الدُّنيا وما عليها»

*«അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു ദിവസം രിബാത്വിന് (അതിർത്തി സംരക്ഷണത്തിന്) നിൽക്കൽ, ദുനിയാവിനെക്കാളും അതിലെ വിഭവങ്ങളേക്കാളും ശ്രേഷ്ഠമാണ്. സ്വർഗ്ഗത്തിൽ നിങ്ങ*

ശരീരാവയവങ്ങിൽ വെള്ളം എത്താൻ പ്രയാസമായ സ്ഥലങ്ങളിൽ പ്രത്യേകം വെള്ളം ചേർത്ത് കഴുകണമെന്ന് പ്രവാചകൻ ﷺ നിഷ്കർഷിച്ചു. പ്രവാചകൻ ﷺ പറഞ്ഞു:

«ويلٌ للأعقابِ من النَّار»

« (വുദ്വൂഅ് ചെയ്യുമ്പോൾ വെള്ളം നനയാത്ത) മടമ്പുകാലുകൾ നരകത്തിലാകുന്നു.» (മുസ്‌ലിം)

«وَيلٌ للأَعْقَابِ وَبُطُونِ الأَقْدَامِ مِنَ النَّارِ»

« (വുദ്വൂഅ് ചെയ്യുമ്പോൾ വെള്ളം നനയാത്ത) മടമ്പുകാലുകളും ഉള്ളംകാലുകളും നരകത്തിലാകുന്നു.» [1]

നേരിയ രീതിയിൽ കാലുകൾ കഴുകുന്നവരുടെ മടമ്പുകൾ വെള്ളം ചേരാതെ കാണാം. ഇത് ശുദ്ധിയെ നഷ്ടപ്പെടുത്തും ഇത്തരക്കാർ വീഴ്ച വരുത്തിയവർ തന്നെയാണ്.

ഒരാൾ അവയവങ്ങളിൽ സമ്പൂർണമായി വെള്ളം എത്തിച്ച് ഒരു തവണ കഴുകിയാൽ മതിയാകുന്നതാണ്. രണ്ടാമതൊന്നുകൂടി കഴുകിയാൽ ശ്രേഷ്ഠമായി. മൂന്നാമത് ഒന്നുകൂടി കഴുകിയാൽ രണ്ടുതവണ കഴുകിയതിനേക്കാൾ ശ്രേഷ്ഠമായി. എന്നാൽ മൂന്നിലേറെ വർദ്ധിപ്പിക്കാവതല്ല. മൂന്നിലേറെ കഴുകൽ ദൂർത്തും തീവ്രതയുമാണ്. അപ്പോൾ പത്തുതവണ

---

*ളിലൊരാൾക്ക് ചാട്ടവെക്കുവാനുള്ള സ്ഥലം ദുനിയാവിനെക്കാളും അതിലെ വിഭവങ്ങളേക്കാളും ശ്രേഷ്ഠമാണ്.»* (ബുഖാരി)

[1] *അൽബാനി ഹദീഥിനെ സ്വഹീഹായി അംഗീകരിച്ചിട്ടുണ്ട്.*

കഴുകുന്നത് എത്ര മാത്രം ദോഷകരമായിരിക്കും ?!!!!

## രണ്ട്: *മലമൂത്ര വിസർജ്ജനം ശുദ്ധിയാക്കലും, നജസ് നീക്കലും.*

മലത്രവിസർജ്ജനം ശുദ്ധിയാക്കുമ്പോൾ ചിലരുടെ പ്രവൃത്തികൾ ഇപ്രകാരമാണ്. ഏറിയാൽ ഏഴുതവണയാണ് കഴുകുവാനുള്ളത്. എന്നാൽ ചിലർ ദശകണക്കിന് കഴുകുന്നത് കാണാം. ഗുഹ്യാവയവങ്ങളിൽ വെള്ളം ഒഴിച്ചുകൊണ്ടേയിരിക്കും.

നജസ് നീക്കുമ്പോഴും ഇപ്രകാരമാണ് ചിലർ. രണ്ടോ മൂന്നോ തവണ കഴുകി മതിയാക്കുന്നതിനുപകരം പത്തോ പത്തിൽ കൂടുതലോ കഴുകുന്നു. ചിലപ്പോൾ രക്തം പൊടിയുന്നതുവരെ ഉരച്ച് കഴുകിക്കൊണ്ടിരിക്കും.

# കുളി

കുളി ഇസ്‌ലാമിലെ ഒരു ശുദ്ധി കർമ്മമാണ്. വലിയ അശുദ്ധിയുണ്ടായാൽ കുളിക്കണമെന്ന് അല്ലാഹു ﷻ മനുഷ്യരോട് കൽപ്പിച്ചു. അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ وَأَنتُمْ سُكَٰرَىٰ حَتَّىٰ تَعْلَمُوا۟ مَا تَقُولُونَ وَلَا جُنُبًا إِلَّا عَابِرِى سَبِيلٍ حَتَّىٰ تَغْتَسِلُوا۟ ۚ وَإِن كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُمْ ۗ إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا ﴾

﴾സത്യവിശ്വാസികളേ, ലഹരിബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നത് വരെ. ജനാബത്തുകാരായിരിക്കുമ്പോൾ നിങ്ങൾ കുളിക്കുന്നത് വരെയും ( നമസ്കാരത്തെ സമീപിക്കരുത്.) നിങ്ങൾ വഴി കടന്ന് പോകുന്നവരായിക്കൊണ്ടല്ലാതെ. നിങ്ങൾ രോഗികളായിരിക്കുകയോ യാത്രയിലാവുകയോ ചെയ്താൽ അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ -എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും

കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പു നൽകുന്നവനും പൊറുക്കുന്നവനുമാകുന്നു.》 വി. ക്യു. (4:43)

﴿ وَإِن كُنتُمۡ جُنُبًا فَٱطَّهَّرُواْۚ ﴾

《....നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക..... 》 വി. ക്യു. (5: 6)

കുളി എന്നാൽ ശരീരം മുഴുവൻ വെള്ളംകൊണ്ട് കഴുകലാണ്. വുദ്വൂഇൽ പറഞ്ഞതുപോലെ കുളിയുടെ വിഷയത്തിലും രണ്ട് വിഭാഗങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു വിഭാഗം തീവ്രത കാണിച്ചു. മണിക്കൂറുകൾ സമയമെടുത്ത് കുളിക്കുകയും ഉരച്ച് ചുരണ്ടി ചിലർ ശരീരത്തിൽ നിന്ന് രക്തം പൊടിയുവോളം നഖങ്ങൾകൊണ്ടുവരെ ചുരണ്ടുന്നു. ഇത്തരം പ്രവൃത്തികൾ തീവ്രതയാണ്. തെളിവ് അറിയിക്കുന്നതല്ല. ഇത് പൈശാചികമാണ്. മനുഷ്യർക്ക് മടുപ്പുള്ളവാകണം നമസ്കാരം ഭാരിച്ചതുമാകണം എന്നിതൊക്കെയാണ് പിശാച് ഇതിലൂടെ ലക്ഷ്യമിടുന്നത്. നമസ്കാരം ഭാരമായാൽ ഇതര ഇബാദത്തുകളെ ഉപേക്ഷിക്കുന്നതുപോലെ അവൻ നമസ്കാരവും ഉപേക്ഷിക്കും.

മറ്റൊരു വിഭാഗം, ശരീരം വെള്ളം കൊണ്ട് ഉരച്ചുകഴുകാതെ തടവുക മാത്രം ചെയ്ത് കുളിക്കുന്നു. ഇവർ വിഷയം ചുരുക്കി. ഇതും തെറ്റാണ്. ശത്രുവായ പിശാചാണ് ഇതിന് പിന്നിലും പ്രവൃത്തിക്കുന്നത്. അവൻ മനുഷ്യന്റെ വിശ്വാസത്തെ തകർക്കുവാൻ ആർത്തി കാണിക്കുന്നതുപോലെ അവന്റെ കർമ്മങ്ങൾ തകർക്കുവാനും താൽപര്യമുള്ളവനാണ്.

പിശാച് മനുഷ്യന്റെ ക്വൽബിലേക്കടുത്തുനോക്കും. തീവ്രതയുടേതാണ് ക്വൽബെന്നറിഞ്ഞാൽ അധികരിപ്പിക്കുവാനുള്ള വസ്‌വാസുണ്ടാക്കും. പിശാച് അവനോട് മന്ത്രിക്കും: മറ്റുള്ളവരുടെ ശുദ്ധി നിനക്ക് മതിയാകില്ല. ജനങ്ങൾ ഒരു കോരൽ വെള്ളംകൊണ്ട് വുദുഅ് ചെയ്താൽ നീ ഒരു സ്വാഅ് വെള്ളം ഉപയോഗിക്കണം. ആളുകൾ മൂന്നുപ്രാവശ്യം കഴുകിയാൽ നീ ഏഴുകൊണ്ടും പത്തുകൊണ്ടും മതിയാക്കരുത്, നീ വർദ്ധിപ്പിക്കുക, ത്യാഗം സഹിക്കുന്നതിനനുസരിച്ച് പ്രതിഫലവും, കർമ്മം പെരുപ്പിക്കുന്നതിനനുസരിച്ച് കൂലിയും പതിന്മടങ്ങായി ലഭിച്ചുകൊണ്ടിരിക്കും. ഇങ്ങനെയായിരിക്കും പൈശാചിക വസ്‌വാസുകൾ.

ഇസ്‌ലാം നന്മയുള്ള കാര്യങ്ങളാണ് കൽപ്പിച്ചിരിക്കുന്നത്. കുഴപ്പകരമായതാണ് വിരോധിച്ചിരിക്കുന്നതും. പ്രവാചകൻ ﷺ യുടെ കർമ്മങ്ങളും സുന്നത്തുകളും പിൻപറ്റുകയാണ് വേണ്ടത്. കാരണം അതാണ് ഉത്തമമായ ചര്യകൾ. അതിൽ വർദ്ധിപ്പിക്കുന്നത് പുത്തൻ നിർമ്മിതിയാണ്. കാര്യങ്ങളിൽ ഏറ്റവും മോശമായത് ബിദ്അത്തുകളാണ്. ഇതിനാലാണ് പ്രവാചക ചര്യകൾക്കപ്പുറം പ്രവൃത്തിക്കുവാൻ പിശാച് വസ്‌വാസുണ്ടാക്കുന്നത്.

നബി ﷺ യുടെ ചര്യകളിൽ തൃപ്തിയടയാത്തവർ വിശ്വസിക്കുന്നത് ഇസ്‌ലാം ന്യൂനമാണെന്നും റസൂൽ ﷺ വ്യക്തമായ രീതിയിൽ ദഅ്‌വത്ത് എത്തിച്ചിട്ടില്ലായെന്നും ഏതാനും ദീനീവിഷയങ്ങളിൽ പരിമിതപെട്ടു അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെന്നുമൊക്കെയാണ്. ഇത്തരം പിഴച്ച വിശ്വാസങ്ങൾ ഒരാൾ

ക്കുണ്ടായാൽ അയാൾ വ്യതിയാനത്തിലും വഴികേടിലും ചെന്ന് ചാടുകയാണ് ചെയ്യുന്നത്.

പ്രവാചകന്മാർ രിസാലത്തിൽ വല്ലതും ഗോപ്യമാക്കി, അവർ ശരിഅത്തിൽ മാറ്റം വരുത്തി, അത് എത്തിക്കുന്നതിൽ വീഴ്ചവരുത്തി എന്നിങ്ങനെ വിശ്വസിക്കൽ നിരർത്ഥകവും പിഴച്ചതും മറ്റുള്ളവരെ തെറ്റിക്കുന്നതും ഇസ്‌ലാമിൽനിന്ന് പുറത്താക്കുന്നതുമാകുന്നു. ഇങ്ങനെ പിശാച് ധാരാളം കർമ്മങ്ങളിൽ മനുഷ്യരെ വസ്‌വാസിൽ പെടുത്തിയിട്ടുണ്ട്. അല്ലാഹുവേ നിന്റെ കാവൽ...

## നിയ്യത്ത്

നിയ്യത്ത് ചെയ്യുന്ന വിഷയത്തിൽ ചിലരുടെയടുത്ത് പിശാച് അതിരുകവിയും. നീ നിയ്യത്ത് ചെയ്തിട്ടില്ല, നിന്റെ നിയ്യത്ത് ശരിയായിട്ടില്ല, നിയ്യത്ത് തക്ബീറിനോടൊപ്പം ചെയ്തിട്ടില്ല തുടങ്ങിയ വസ്‌വാസുകൾ നിയ്യത്തിൽ പിശാച് ഉണ്ടാക്കികൊണ്ടിരിക്കും. നിയ്യത്തിന്റെ വിഷയത്തിൽ സമയം പോകുകയും ഇബാദത്തും നമസ്കാരവും സമയത്തിന്റെ മഹത്വവും എല്ലാം അയാൾക്ക് നഷ്ടമാകുകയും ചെയ്യും. യാഥാർത്ഥത്തിൽ ഇത്തരം വസ്‌വാസുകൾ അല്ലാഹു ﷻ നിശ്ചയിച്ചതിന് അപ്പുറമാണ്.

ചിലർ നിയ്യത്ത് ഗൗനിക്കാറേ ഇല്ല. അത്തരക്കാർ നല്ല ഉദ്ദേശമോ, ശരിയായ നിയ്യത്തോ ഇല്ലാതെ നമസ്കരിക്കുകയും നോമ്പ് നോൽക്കുകയും ചെയ്യുന്നു. ഇത്തരക്കാർ

വീഴ്ച വരുത്തുന്നവരും കുറവ് പ്രവർത്തിക്കുന്നവരും തന്നെയാണ്.

ഈ വിഷയത്തിൽ മധ്യനിലപാട് മനുഷ്യൻ ക്വൽബു കൊണ്ട് ത്വഹാറത്ത് വരുത്തുന്നു, നമസ്കാരത്തിൽ പ്രവേശിക്കുന്നു എന്നിങ്ങനെ കരുതുകയാണ് വേണ്ടത്. അപ്രകാരം പ്രവർത്തിച്ചാൽ അവൻ നിയ്യത്ത് ചെയ്തവനായി. അവന്റെ നിയ്യത്ത് ശരിയായി, മതിയായതുമായി.

## നമസ്കാരത്തിലെ ക്വുർആൻ പരായണം

പിശാച് മനുഷ്യനെ വഴിതെറ്റിച്ച മറ്റൊരു വിഷയമാണ്, ക്വുർആൻ പാരായണത്തിൽ നടത്തുന്ന കൃത്രിമത്വവും വീഴ്ചയും. ദിക്റുകളെടുക്കുന്ന സന്ദർഭത്തിലും ഇപ്രകാരമാണ്. നിങ്ങൾ ഉച്ചരിക്കുന്ന രീതിയിൽ ആയാൽ ക്വുർആൻ പരായണവും അക്ഷരങ്ങളുടെ ഉച്ചാരണവും യഥാവിധമാകുകയില്ല, ചില പ്രത്യേക രീതികൾ നിങ്ങൾ പ്രയോഗിച്ചില്ലെങ്കിൽ നിങ്ങളുടെ പാരായണവും, തക്ബീറും, ദിക്റുകളും ഭംഗം വന്നതാകും. എന്നിങ്ങനെ പിശാച് വസ്വാസുണ്ടാക്കുന്നു. ചിലർ ക്വുർആൻ പരായാണ വേളയിൽ ചില അക്ഷരങ്ങൾ മൊഴിയുവാൻ കൃത്രിമത്വം കാണിക്കുകയും അതിനാൽ തുപ്പുനീരുവരെ പുറത്തുപോകുകയും ചെയ്യുന്നു. 'ദ്വാദ് ' പോലുള്ള അക്ഷരങ്ങൾ ഉച്ചരിക്കുന്ന വേളയിലാണ് ഉമിനീരും തുപ്പലുമൊക്കെ തെറിക്കുന്ന രീതിയിലുള്ള ഈ കൃത്രിമത്വം. ഇത് അല്ലാഹു ﷻ അവതരിപ്പിച്ച മതമേ അല്ല, ഒരിക്കലും.

തക്ബീറുകൾ ഉച്ചരിക്കുമ്പോൾ ഇപ്രകാരം ചിലർ കൃത്രിമത്വം കാണിക്കുന്നു. 'അല്ലാഹു അക്ക്ബ്ബർ' എന്ന് കാഫും റ്വായും ശക്തികൂട്ടി കനത്തിൽ ഉച്ചരിക്കുക. 'തശഹ്ഹുദ് ചൊല്ലുമ്പോൾ 'അത് അത് അത്തഹിയ്യാത്തു'....... എന്നിങ്ങനെ 'താഅ്' എന്ന അക്ഷരം കട്ടികൂട്ടി കൃത്രിമത്വം കാണിക്കുക ഇതെല്ലാം ഇത്തരം തീവ്രതയുടെ ഉദാഹരണങ്ങളാണ്.

അക്ഷരങ്ങൾ നേരാവണ്ണം മൊഴിയാതെ, 'മഖാരിജുകൾ' ഒഷിക്കാതെ ക്വുർആൻ പാരായണം നടത്തുകയും ദിക്റുകളും ദുആകളും ചൊല്ലുകയും ചെയ്യുന്നവരുണ്ട്. എല്ലാം തിരക്കുകൂട്ടി നേരാംവിധം മൊഴിയാതെയുള്ള പ്രവൃത്തികൾ. ഇവർ ചുരുക്കുകയും വീഴ്ച വരുത്തുകയും ചെയ്തവരാണ്.

എന്നാൽ ക്വുർആൻ പാരായണത്തിലും തക്ബീറുകളും തശഹ്ഹുദ് ചൊല്ലുന്നതിലും മറ്റുനമസ്കാരത്തിന്റെ ഭാഗങ്ങൾ നിർവ്വഹിക്കുന്നതിലും തീവ്ര രീതികളോ, ഭംഗം വരുത്തലോ പാടുള്ളതല്ല. അക്ഷരങ്ങൾ വെളിപ്പെടുത്തി, സ്പുട ഭാഷിയായി, തിരക്കുകൂട്ടലോ ധൃതിയോ ഇല്ലാതെ ഓരോ അക്ഷരവും മൊഴിയുവാൻ ആവശ്യമായ സമയം നൽകി മൊഴിയുക എന്നതാണ് മധ്യമനിലപാട്.

അക്ഷരങ്ങൾ വെളിപ്പെടുത്തി ശദ്ദും മദ്ദും യഥാവിധം നിർവ്വഹിച്ചുള്ള പാരായാണം ഇബാദത്തിൽ മടുപ്പുളവാകാത്ത യഥാർത്ഥ പാരായണമാകുന്നു. അത് വചനങ്ങളെ മാറ്റിമറിക്കുകയും സ്ഥാനം തെറ്റിക്കുകയും ചെയ്യുന്ന തെറ്റായ രീതി അല്ല.

# നമസ്കാരം

നമസ്കാരം നിർവ്വഹിക്കുന്ന വിഷയത്തിലും ഇപ്രകാരമാണ്. ചില ഇമാമുമാർ നമസ്കാരത്തെ ദീർഘിപ്പിക്കുകയും കർമ്മങ്ങളിലും ക്വുർആൻ പാരായണത്തിലും മറ്റും മടുപ്പ് ഉളവാക്കും വിധം നമസ്കാരത്തെ നീട്ടികൊണ്ടുപോകുകയും ചെയ്യും. മഅ്മൂമീങ്ങൾക്ക് നമസ്കാരം മടുപ്പും ഭാരവുമായി, അങ്ങനെ ഇമാമുമാരിൽ തന്നെ വെറുപ്പ് ഉളവാകുന്നതിലേക്ക് അവരുടെ തീവ്രതയെത്തുന്നു.

മറ്റൊരു വിഭാഗം നമസ്കാരം ചുരുക്കുകയും വീഴ്ച വരുത്തുകയും ചെയ്യുന്നു. കൊത്തിപ്പെറുക്കുന്ന രീതിയിലാണ് അവരുടെ നമസ്കാരം. വേണ്ടവിധം നമസ്കാരത്തിന്റെ കർമ്മങ്ങളിലും ചലനങ്ങളിലും അവർക്ക് അടക്കവും ഒതുക്കവും കാണില്ല. അവരുടെ നമസ്കാരം ശരിയാകില്ലെന്ന് മാത്രമല്ല അവരുടെ പിന്നിൽ നമസ്കരിക്കുന്നവരുടെ നമസ്കാരം നഷ്ടപ്പെടുവാൻ അവർ കാരണക്കാരാകുന്നു. ചിലപ്പോൾ ധൃതിയിൽ നമസ്കരിക്കുന്ന ഇത്തരം ഇമാമുമാരോടൊപ്പം നമസ്കരിക്കുവാൻ ആളുകൾ കൂടിയെന്ന് വന്നേക്കാം എന്നാലും അവരുടേത് വീഴ്ചയുള്ള നമസ്കാരമാണ്.

എന്നാൽ മധ്യമനിലയിലുള്ള നമസ്കാരം ഈ രണ്ടു രീതികൾക്കും മധ്യേയാണ്. ഇമാമായി നിൽകുന്നവൻ മഅ്മൂമീങ്ങളുടെ അവസ്ഥ പരിഗണിക്കേണ്ടതുണ്ട്. അവരെ മടുപ്പിക്കുന്ന രീതിയിൽ നമസ്കാരം ദീർഘിപ്പിക്കരുത്. നമസ്കാരത്തെ ഭംഗപ്പെടുത്തുകയോ അതിന്റെ വാജിബുകളേയും റുക്നുകളേയും നഷ്ടപ്പെടുത്തുകയോ, അടക്കവും ഒതുക്കവും ഇല്ലാ

താക്കുകയോ ചെയ്യുന്ന രീതിയിൽ നമസ്കാരം കുറക്കുവാനും പാടുള്ളതല്ല. പ്രത്യുത, നബി ﷺ യുടെ നമസ്കാരത്തെ പരായണത്തിലും ദിക്റ് ചെയ്യുന്നതിലും മറ്റു കർമ്മങ്ങളിലും കഴിയുന്നത്ര പിൻപറ്റുവാൻ അയാൾ താൽപര്യം കാണിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ ധാരാളം പ്രവൃത്തികൾ പരിശോധിച്ചാൽ നമുക്ക് ഇപ്രകാരം കാണാവുന്നതാണ്. പല ആളുകളും കർമ്മങ്ങൾ ചെയ്യുവാൻ കഠിനാധ്വാനികളാകുന്നു. പുണ്യ കർമ്മങ്ങൾ ചെയ്യുവാൻ ശരീരത്തിനുള്ള സുഖങ്ങളേയും റാഹത്തിനേയും അവർ നിഷേധിക്കുന്നു. മറ്റുചിലരാകട്ടെ പുണ്യകർമ്മങ്ങൾ തീരെ അനുഷ്ഠിക്കുന്നുമില്ല. എന്നാൽ അല്ലാഹു ﷻ അവതരിപ്പിച്ച മതം ഇതിനു രണ്ടിനും മദ്ധ്യേയാണ്.

ഇതിന്ന് ഒരു ഉദാഹരണമാണ് അബ്ദുല്ലാഹ് ഇബ്നു അംറ് ഇബ്നുൽ ആസ്വ് رضي الله عنه ന്റെ സംഭവം. അദ്ദേഹം യൗവനാരംഭത്തിൽ ധാരാളം ഇബാദത്തുകൾ എടുക്കുന്ന വ്യക്തിയായിരുന്നു. കാലം മുഴുവൻ പകലിൽ നോമ്പെടുക്കുമായിരുന്നു. രാത്രിമുഴുവൻ നമസ്കരിക്കുമായിരുന്നു. രാത്രിയിലെ തഹജ്ജുദിൽ ക്വുർആൻ ഓതിത്തീർക്കുമായിരുന്നു. ഇത് പിന്നീട് അദ്ദേഹത്തിന് ക്ലേശകരമായി. നിർബന്ധമായി ചെയ്തുതീർക്കേണ്ട ചില ബാധ്യതകൾ അദ്ദേഹത്തിന് നഷ്ടപ്പെടുന്നതുവരെ അദ്ദേഹം ക്ഷീണിതനായി. അപ്പോൾ അദ്ദേഹത്തിന് നബി ﷺ ഇത് തീവ്രതയാണ് എന്ന് വ്യക്തമാക്കിക്കൊടുത്തു. പ്രവാചകൻ ﷺ പറഞ്ഞു:

يَا عَبْدَ اللَّهِ بْنَ عَمْرٍو بَلَغَنِي أَنَّكَ تَصُومُ النَّهَارَ وَتَقُومُ اللَّيْـــلَ فَلَا تَفْعَلْ فَإِنَّ لِجَسَدِكَ عَلَيْكَ حَظًّا وَلِعَيْنِكَ عَلَيْكَ حَظًّا وَإِنَّ لِزَوْجِكَ عَلَيْكَ حَظًّا

ഹേ, അബ്ദുല്ലാഹ് ഇബ്നു അംറ്, താങ്കൾ പകലുകൾ മുഴുവൻ നോമ്പെടുക്കുകയും രാത്രിമുഴുവൻ നമസ്കരിക്കുകയും ചെയ്യുന്നു എന്ന വാർത്ത എനിക്ക് എത്തിയിരിക്കുന്നു. താങ്കൾ അപ്രകാരം ചെയ്യരുത്. കാരണം, താങ്കളുടെ ശരീരത്തിന് താങ്കളിൽനിന്ന് അവകാശം ഉണ്ട്. താങ്കളുടെ കണ്ണിന് താങ്കളിൽനിന്ന് അവകാശം ഉണ്ട്. താങ്കളുടെ ഭാര്യക്കും താങ്കളിൽനിന്നും അവകാശമുണ്ട്. (ബുഖാരി) അപ്പോൾ അധികരിപ്പിക്കൽ മടുപ്പും അലസതയും ഉണ്ടാക്കും, തീർച്ച.

എന്നാൽ ചിലർക്ക് ഇത്തരം സുന്നത്തായ ഇബാദാത്തുകൾ അറിയുകതന്നെയില്ല. രാത്രിയിലെ ക്വിയാമുല്ലൈൽ, സുന്നത്ത് നോമ്പുകൾ എന്നിങ്ങനെയുള്ള ഐച്ഛിക കർമ്മങ്ങൾ എടുക്കാത്ത മറ്റൊരു വിഭാഗം. അവർ തികഞ്ഞ അശ്രദ്ധയിലാണ്. അല്ലെങ്കിൽ ആരാധനാ കർമ്മങ്ങളിൽ നിന്നെല്ലാം താൻ ധന്യനാണ് എന്ന ഭാവത്തിലാണ്.

ഈ രണ്ട് വിഭാഗക്കാരും അതിരുവിട്ട് പ്രവർത്തിക്കുന്നവരാണ്. ഒരുവിഭാഗം അധികരിപ്പിച്ചുകൊണ്ട്, മറ്റേവിഭാഗം ഉപേക്ഷവരുത്തിക്കൊണ്ടും.

ഇസ്‌ലാം ഈ നിലപാടുകൾക്ക് മധ്യേയാണ്. അഥവാ സ്വന്തത്തെ കഷ്ടപ്പെടുത്താതെ, ശരീരത്തിന് അതിന്റെ അവകാശങ്ങൾ ഹനിക്കാതെ സൽപ്രവൃത്തികൾ ചെയ്യുകയാണ് വേണ്ടത്. എന്നാൽ ദേഹേച്ഛക്ക് വഴങ്ങിയോ, സുഖാനുഭൂതിയിൽ ലയിച്ചോ അല്ലാഹു ﷻ വിന്ന് ആരാധനയെടുക്കുന്നത് വിസ്മരിക്കുവാൻ പാടില്ല.

# ആചാരങ്ങളിൽ ഇസ്ലാമിന്റെ മദ്ധ്യമനിലപാട്

തിന്നുക, കുടിക്കുക, വസ്ത്രം ധരിക്കുക, തുടങ്ങിയ സമ്പ്രദായങ്ങളിലും ഇസ്ലാമിന് മദ്ധ്യമ നിലപാട് മാത്രമാണ് ഉള്ളത്. ഏതാനും ഉദാഹരണങ്ങളിലൂടെ ഇത് മനസ്സിലാക്കാവുന്നതാണ്.

## ഒന്ന്: വസ്ത്ര ധാരണം.

വസ്ത്രം അല്ലാഹു ﷻ യുടെ അതിമഹത്തായ അനുഗ്രഹമാണ് എന്നതിൽ സംശയമില്ല. വസ്ത്രം അല്ലാഹു ﷻ നല്കുകയും അടിയാറുകൾക്ക് അതിലൂടെ അനുഗ്രഹവർഷം നടത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ يَـٰبَنِىٓ ءَادَمَ قَدْ أَنزَلْنَا عَلَيْكُمْ لِبَاسًا يُوَٰرِى سَوْءَٰتِكُمْ وَرِيشًا ۖ وَلِبَاسُ ٱلتَّقْوَىٰ ذَٰلِكَ خَيْرٌ ۚ ذَٰلِكَ مِنْ ءَايَـٰتِ ٱللَّهِ لَعَلَّهُمْ يَذَّكَّرُونَ ﴾

﴿ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു ധർമ്മനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ച് മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളിൽ പെട്ടതത്രെ അത്.﴾ *വി. ക്യു.* (7: 26)

വസ്ത്രത്തിന്റെ വിഷയത്തിലും ജനങ്ങൾ മൂന്നുതര ക്കാരാണ്. ഒരു വിഭാഗം ആഢംബരത്തിന്റേയും ധൂർത്തിന്റേ യും ആളുകൾ. ആണിനായാലും പെണ്ണിനായാലും ഒരാളുടെ വസ്ത്രത്തിന് നൂറുകൾ, ആയിരങ്ങൾ, പതിനായിരങ്ങൾ ചിലവാക്കുന്നു. ഇത് തീർത്തും ധൂർത്താകുന്നു; അന്യായ മായി പണം ദുർവ്യയം ചെയ്യലും. അയാൾ മിതത്വം പുലർത്തു കയും ബാക്കി വരുന്നത് സ്വദക്വഃ ചെയ്യുകയോ മറ്റ് പുണ്യ കർമ്മങ്ങൾക്ക് വിനിയോഗിക്കുകയോ ചെയ്തിരുന്നുവെങ്കി ൽ അതായിരുന്നു അയാൾക്ക് നല്ലത്.

രണ്ടാമത്തെ വിഭാഗമാകട്ടെ അല്ലാഹു ﷻ അനുഗ്രഹ വും ഉപജീവനവും ഏകിയവരാണ്. പക്ഷെ അയാൾ തന്റെ ശ രീരത്തിന് കുറവുവരുത്തി. ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ ﷺ ഒരാളെ കണ്ടു അയാൾ ഒരു ജീർണ്ണിച്ച, കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചിരുന്നു. വളരെ വലിയ ശോച്യാവസ്ഥ പ്രകടമാ യിരുന്നു അയാളിൽ. റസൂൽ ﷺ അയാളോട് ചോദിച്ചു:

أَلَكَ مَالٌ ؟ قَالَ: نَعَمْ قَالَ: مِنْ أَيِّ الْمَالِ؟ قَالَ: قَدْ آتَانِي اللَّهُ مِنْ الْإِبِلِ وَالْغَنَمِ وَالْخَيْلِ وَالرَّقِيقِ. قَالَ: فَإِذَا آتَاكَ اللَّهُ مَالًا فَلْيُرَ أَثَرُ نِعْمَةِ اللَّهِ عَلَيْكَ وَكَرَامَتِهِ

താങ്കൾക്ക് സമ്പത്തുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ. പ്രവാചകൻ ﷺ പറഞ്ഞു: ഏത് രീതിയിലുള്ള സമ്പത്താണ്? അയാൾ പറഞ്ഞു: ആടുകൾ, മാടുകൾ, ഒട്ടകങ്ങൾ, അടിമക ൾ. പ്രവാചകൻ ﷺ പറഞ്ഞു: അല്ലാഹു ﷻ താങ്കൾക്ക് സമ്പത്ത് നൽകിയിട്ടുണ്ടെങ്കിൽ അല്ലാഹു ﷻ വിന്റെ നിഅ്മത്തിന്റെ

അടയാളം താങ്കളിൽ കാണപ്പെടട്ടെ; അല്ലാഹു ﷻ യുടെ ഔദാര്യത്തിന്റേയും.

ഒരു മനുഷ്യൻ ധനികനാണ്. എന്നാലും സ്വന്തത്തിൽ കുറവുവരുത്തുകയും നഗ്നത വെളിപ്പെടുകയും പഴകിയ, കീറിപറിഞ്ഞ വസ്ത്രം ധരിക്കുകയും ചെയ്യുന്നത് വീഴ്ചയും കൃത്യവിലോപവും തന്നെയാണ്. കാര്യങ്ങളിൽ ശ്രേഷ്ഠം മദ്ധ്യമ നിലപാടുതന്നെ. വസ്ത്രത്തിൽ മനുഷ്യർ ധൂർത്ത് കാണിക്കരുത്. കുറവും വരുത്തരുത്. മദ്ധ്യമനിലപാട് മാത്രമാണ് സ്വീകരിക്കേണ്ടത്.

## രണ്ട്: ഭക്ഷണ പാനീയങ്ങൾ.

ഭക്ഷണ രീതികളിലും ചിലവഴിക്കുന്നതിലും മിതത്വം ആവശ്യമാണ്. എന്നാൽ ധാരാളം ആളുകൾ ധൂർത്തടിക്കുന്നത് കാണാം. ഭക്ഷണ വിഭവങ്ങൾ കുന്നുകൂട്ടുകയും അതിൽനിന്ന് കുറച്ചുമാത്രം ഭക്ഷിച്ച് ബാക്കി ഉപേക്ഷിക്കുന്നു. മറ്റു ചിലരാകട്ടെ, അവർക്ക് സമ്പത്തുണ്ട്. പക്ഷെ പിശുക്കിയും ഇറുക്കിയും അവർ തനിക്കോ മക്കൾക്കോ ചിലവഴിക്കില്ല. കാശുണ്ടായിട്ടും പട്ടിണിയും പരിവട്ടവുമാണ് അവർക്ക്. എന്നാൽ ദീൻ മിതത്വത്തിലാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَٱلَّذِينَ إِذَآ أَنفَقُواْ لَمۡ يُسۡرِفُواْ وَلَمۡ يَقۡتُرُواْ وَكَانَ بَيۡنَ ذَٰلِكَ قَوَامًا ﴾

﴿ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ.﴾ *വി. ക്വു.* (25: 67)

## മൂന്ന്: ഭൗതികത.

ദുനിയാവിന്റെ വിഷയത്തിൽ ജനങ്ങൾ മൂന്ന് തരക്കാരാണ്. ഒരുവിഭാഗം ദുനിയാവിലേക്ക് മറിയുകയും അതിന് പ്രഭാവം നൽകുകയും അതിൽ ചടഞ്ഞുകൂടുകയും ചെയ്തു. തങ്ങളുടെ മുഴു വിചാരങ്ങളും അവർ ദുനിയാവിൽ തീർത്തു. തങ്ങളുടെ വിജ്ഞാനം അവർ ചില ഭൗതിക വിഭവങ്ങൾക്ക് നൽകുകയും സമയങ്ങൾ അതിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു. അവർ പരലോകത്തെ വിസ്മരിച്ചു എന്നതിൽ സംശയമില്ല. അവർ ദുനിയാവിനോടുള്ള സമീപനത്തിൽ അതിരുവിട്ടു.

മറ്റൊരുവിഭാഗം ദുനിയാവിൽ തീർത്തും വിരക്തരായി. അവർ ജനങ്ങളിൽനിന്നും ഭൗതിക വിഭവങ്ങളിൽനിന്നും അകന്നുമാറി. തങ്ങളുടെ കീഴിൽ ജീവിക്കുന്നവരെ അവർ പാഴാക്കി. സമ്പാദിക്കാത്തതിനാൽ എല്ലാവരും നഷ്ടക്കാരായി. ഇത്തരക്കാരും വീഴ്ച പിണഞ്ഞവർ തന്നെയാണ്.

ഒരാൾ തനിക്ക് മതിയായ തന്റെ ഉപജീവനവും ഭക്ഷണവും തേടുക എന്നതാണ് മദ്ധ്യമ നിലപാട്. നബി ﷺ പറഞ്ഞു:

اللَّهُمَّ اجْعَلْ رِزْقَ آلِ مُحَمَّدٍ قُوتًا

'അല്ലാഹുവേ, മുഹമ്മദിന്റെ കുടുബത്തിന്റെ ഭക്ഷണം നീ 'യാചനയെ തടുക്കുകയും വിശപ്പിനെ പരിഹരിക്കുകയും ചെയ്യുന്നത് ' ആക്കേണമേ..'

അപ്പോൾ മദ്ധ്യമ നിലപാടാണുള്ളത്. ഭൗതികതയോട് പാടേ വിടചൊല്ലി, തന്നെതന്നെ നഷ്ടപെടുത്തി, യാചന നടത്തി, അന്യാശ്രയക്കാരനായി, കുടുംബത്തേയും കുട്ടികളേയും വിശപ്പിനും ജീവിത ക്ലേശത്തിനും ഇരയാക്കി മനുഷ്യൻ വർത്തിക്കരുത്. എന്നാൽ മുഴുചിന്തയും ദുനിയാവിൽ തളച്ചിട്ട്, പരലോകത്തേയും പുണ്യപ്രവൃത്തികളേയും മറന്ന്, സമയം മുഴുവൻ ഭൗതിക ജീവിതത്തിന് ചിലവഴിച്ച് കഴിഞ്ഞുകൂടുവാനും പാടുള്ളതല്ല. ഒരു പരിധിയിൽ തന്റെ ദുനിയാവിനു വേണ്ടി പണിയെടുക്കുക. ഒരു പരിധിയിൽ തന്റെ ആഖിറത്തിനും പണിയെടുക്കുക. പരലോകം മറപ്പിക്കുന്ന രീതിയിൽ ദുനിയാവിനെ സ്നേഹിച്ച് അതിര് വിടാതിരിക്കുക. തനിക്ക് ദുനിയാവിൽ അനുവദിക്കപ്പെട്ട വിഹിതം നഷ്ടപ്പെടുത്തുന്ന രീതിയിൽ ദുനിയാവിന്റെ കാര്യങ്ങളിൽ വീഴ്ച വരുത്തിയും അതിരുവിടുവാൻ പാടുള്ളതല്ല.

## നാല്: ഇടപാടുകൾ

ക്രയവിക്രയങ്ങളിലും ആളുകളുടെ നിലപാടുകൾ ഇതുപോലെ തന്നെയാണ്. കാരണം, ധാരാളം ആളുകൾ ഇടപാടുകൾ നടത്തുകയും യഥേഷ്ടം അവ കൈകാരം ചെയ്യുകയും ചെയ്യുന്നു. ചതിച്ചും പലിശയിടപാടുകൾ നടത്തിയും വിലയിൽ കൂട്ടിയും നിരർത്ഥകമായും മറ്റുമൊക്കെ ഇടപാടുകൾ പലതും കൊണ്ട് നടക്കുന്നു.

ഇത്തരം ആളുകൾ ഇടപാടുകളുടെ വൃത്തം വലുതാക്കുകയും ഹറാമാക്കപ്പെട്ട ഇടപാടുകൾ കൊണ്ടുവരുകയും

ചെയ്യുന്നു. ഇവർക്ക് ചതിയും അന്യായമായി വിലകയറ്റിപ്പറയലും അനുവദനീയമെന്നപോലെയാണ്.

മറ്റുചിലർ ഇടപാടുകളിലും കച്ചവടത്തിലും കഠിന സമീപനം സ്വീകരിക്കുന്നവരാണ്. അല്ലാഹു ﷻ അനുവദിച്ച ഇടപാടുകൾ, ക്രയവിക്രയങ്ങൾ, ധനസമ്പാദന രീതികൾ, തുടങ്ങിയ കാര്യങ്ങളിൽ നിന്നെല്ലാം അവർ വിട്ടുനിന്നു. ഇതിലെല്ലാം വീഴ്ചകൾ വരുന്നുണ്ട്. അതിനാൽ ഇതിൽനിന്ന് വിട്ടുനിൽക്കേണ്ടതുണ്ട് എന്ന് അവർ വിശ്വസിച്ചു. അങ്ങനെ ഇവർ കുറവുവരുത്തുകയും കുറ്റത്തിൽ അകപ്പെടുകയും ചെയ്തു; ആദ്യത്തെ വിഭാഗം അകപ്പെട്ടതുപോലെ. എന്നാൽ ശ്രേഷ്ഠകാര്യം മദ്ധ്യമനിലപാട് മാത്രമാണ്.

## സമാപനം

തീവ്രതയുടേയും ജീർണതയുടേയും വാക്താക്കൾ അപകടത്തിൽ അകപ്പെടുവാൻ കാരണം പിശാചാണ്. അഥവാ പിശാചിന്റെ ദുഷ്പ്രേരണകളാണ്. രണ്ട് വിഭാഗങ്ങളേയും ഇബാദാത്തുകളിൽ നിന്ന് പുറത്തുചാടിക്കുവാൻ അവൻ പ്രവൃത്തിച്ചു. ഒരു വിഭാഗം ആളുകൾക്ക് ഇബാദാത്തുകൾ ഭാരമാക്കുകയും കഠിനമാകുകയും ചെയ്തു. മറ്റൊരു വിഭാഗത്തെ നിഷിദ്ധങ്ങളിലും സന്ദേഹങ്ങളിലും ചാടിച്ചു. ഇപ്രകാരം തന്റെ വിചാരം പുലർത്തുന്നതിനുവേണ്ടി ധാരാളം ആളുകളെ അവൻ വഴിപിഴപ്പിച്ചു. അല്ലാഹു ﷻ പറഞ്ഞു:

﴿ وَلَقَدْ صَدَّقَ عَلَيْهِمْ إِبْلِيسُ ظَنَّهُۥ فَٱتَّبَعُوهُ إِلَّا فَرِيقًا مِّنَ ٱلْمُؤْمِنِينَ ﴾

﴿തീർച്ചയായും തന്റെ ധാരണ ശരിയാണെന്ന് ഇബ്‌ലീസ് അവരിൽ തെളിയിച്ചു. അങ്ങനെ അവർ അവനെ പിന്തുടർന്നു. ഒരു സംഘം സത്യവിശ്വാസികളൊഴികെ.﴾ *വി. ക്യു.* (34: 20)

അല്ലാഹു ﷻ യുടെ സത്യദീനുകൊണ്ട് അവൻ നമ്മെ വഴികാണിക്കുവാനും, അത് പിൻപറ്റുവാനും ബാത്വിൽ ബാത്വിലായി മനസ്സിലാക്കുവാനും, അതിൽനിന്ന് വിട്ടുനിൽക്കുവാനും, തൗഫീക്വ് ഏകുവാൻ ഞാൻ അല്ലാഹു ﷻ യോട് തേടുന്നു. പൈശാചിക പ്രേരണകൾ, വസ്‌വാസുകൾ, തോന്നലുകൾ എന്നിവയിൽനിന്ന് ഞാൻ അല്ലാഹു ﷻ യോട് രക്ഷതേടുന്നു. പരലോക രക്ഷയിലേക്ക് എത്തിക്കുന്ന നേർമാർഗ്ഗവും ഇസ്തിക്വാമത്തും ഹുദായും നമുക്കേവർക്കും നാഥൻ നൽകുവാൻ അവനോട് ഞാൻ ദുആ ഇരക്കുന്നു.

# വിഷയ സൂചി


| | | |
|---|---|---|
| ❖ | വിവർത്തക കുറിപ്പ് | 1 |
| ❖ | ശൈഖ് മുഹമ്മദ് ഇബ്നു മനിഇന്റെ ആമുഖക്കുറിപ്പ് | 2 |
| ❖ | ശൈഖ് അബ്ദുല്ലാഹ് അൽ ജിബ്രീന്റെ ആമുഖക്കുറിപ്പ് | 6 |
| ❖ | ഇസ്ലാം | 8 |
| ❖ | ഇസ്ലാം എന്തുകൊണ്ട് മദ്ധ്യമമായി? | 13 |
| ❖ | ഇസ്ലാം ജൂതമതത്തിനും ക്രിസ്തുമതത്തിനും മദ്ധ്യേ | 14 |
| ❖ | വിശ്വാസകാര്യങ്ങൾ | 15 |
| ❖ | കർമ്മങ്ങൾ | 20 |
| ❖ | പ്രതികാര നടപടികൾ | 21 |
| ❖ | ഇസ്ലാമും ഇതരമതങ്ങളും | 23 |
| ❖ | വിവിധ കക്ഷികൾക്കിടയിൽ അഹ്ലുസുന്നഃത്തിന്റെ മിതത്വം | 25 |
| ❖ | അഹ്ലുസുന്നഃത്തിന്റേയും സലഫീ അഖീദയുടേയും മധ്യമനിലപാട് വ്യക്തമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ | 27 |
| ❖ | ഒന്ന്: ക്വദ്വാ ക്വദ്റിന്റെ വിഷയത്തിൽ അഹ്ലു സുന്നഃയുടെ മദ്ധ്യമ നിലപാട്: | 27 |
| ❖ | രണ്ട്: ഈമാനിന്റെ വിഷയത്തിൽ അഹ്ലു സുന്നഃ യുടെ മിതവാദം | 29 |
| ❖ | മൂന്ന്: സ്വഹാബികളുടെ വിഷയത്തിൽ അഹ്ലു സുന്നഃയുടെ മധ്യമ നിലപാട് | 32 |
| ❖ | നാല്: ഔലിയാക്കളുടെ വിഷയത്തിൽ അഹ്ലു സുന്നഃയുടെ മദ്ധ്യമ നിലപാട് | 35 |
| ❖ | കർമ്മങ്ങളിൽ ഇസ്ലാമിന്റെ മദ്ധ്യമ സമീപനം | 40 |

| | | |
|---|---|---|
| ❖ | ഒന്ന്: ത്വഹാറത്ത് (ശുദ്ധി). | 40 |
| ❖ | രണ്ട്: മലമൂത്ര വിസർജ്ജനം ശുദ്ധിയാക്കലും, നജസ് നീക്കലും. | 46 |
| ❖ | കുളി | 47 |
| ❖ | നിയ്യത്ത് | 50 |
| ❖ | നമസ്കാരത്തിലെ ക്വുർആൻ പരായണം | 51 |
| ❖ | നമസ്കാരം | 53 |
| ❖ | ആചാരങ്ങളിൽ ഇസ്‌ലാമിന്റെ മദ്ധ്യമ നിലപാട് | 57 |
| ❖ | ഒന്ന്: വസ്ത്ര ധാരണം. | 57 |
| ❖ | രണ്ട്: ഭക്ഷണ പാനീയങ്ങൾ. | 59 |
| ❖ | മൂന്ന്: ഭൗതികത. | 60 |
| ❖ | നാല്: ഇടപാടുകൾ | 61 |
| ❖ | സമാപനം | 63 |
| ❖ | വിഷയസൂചി | 64 |


وصلّى الله على نبينا محمد وآله وصحبه وسلّم